# വിശുദ്ധന്മാരെ ഒരുക്കുന്നത്



"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും, വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിന്നായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനക്കും വേണ്ടി ഒരുക്കുവാൻ നിയമിച്ചിരിക്കുന്നു" (എഫെസ്യർ 4:11 – 12).

അഷീഷ് റായിച്ചൂർ

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: നവംബർ 2012

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

സമ്പർക്ക വിവരം:
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്
നമ്പർ 7എം-319, സെക്കന്റ് ഫ്ളോർ, സെക്കന്റ് ബ്ലോക്ക്
എച്ച്.ആർ.ബി.ആർ. ലേ-ഔട്ട്, കല്യാൺ നഗർ, ബാംഗ്ലൂർ 560 043
കർണ്ണാടക, ഇൻഡ്യ

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Equipping The Saints)

# വിശുദ്ധന്മാരെ ഒരുക്കുന്നത്

# ഉള്ളടക്കം

ആമുഖം

1. ദൈവത്തിന്റെ ഇപ്പോഴുള്ള ചലനം 3

2. വിശുദ്ധന്മാരുടെ ജോലി 13

3. അഞ്ച് ശുശ്രൂഷക്കാരുടെ വേല 21

4. രൂപാന്തരം വരുത്തുന്നത് 30

5. നഗരവ്യാപകമായ സഭ 39

6. പ്രാർത്ഥന 47

# ആമുഖം

എല്ലാ ജനങ്ങളുടെയും സഭയുടെ വാർഷിക ക്രിസ്തീയ സഭാശുശ്രൂഷകന്മാരുടെ 2008-ലെ സമ്മേളനത്തിൽ ഞാൻ പങ്കുവെച്ച അഞ്ചു സന്ദേശങ്ങളുടെ ഒരു ശേഖരണമാണ് ഈ പ്രസിദ്ധീകരണം. ഇൻഡ്യയിൽ, ബാംഗ്ലൂരിൽ ഞങ്ങൾ നടത്തിയ ആദ്യത്തെ ക്രിസ്തീയ സഭാശുശ്രൂഷകന്മാരുടെ സമ്മേളനമായിരുന്നു ഇത്. ഈ സമ്മേളനത്തിന്റെ ചിന്താവിഷയം ''വിശുദ്ധന്മാരെ ഒരുക്കുന്നത്'' എന്നതായിരുന്നു.

ബാംഗ്ലൂരിലും ഇൻഡ്യയിൽ എല്ലായിടത്തുമുള്ള ക്രിസ്തീയ സഭാശുശ്രൂഷകന്മാരോടും പാസ്റ്ററന്മാരോടും ഈ സന്ദേശങ്ങൾ പങ്കുവയ്ക്കേണ്ടിയത് എനിക്ക് ആവശ്യമായിത്തോന്നി. ഈ ഉദ്ദേശത്തോടുകൂടി, ഈ സന്ദേശങ്ങൾ പരിശോധിച്ചറിയുകയും തികച്ചും ആധുനികമാക്കിയും അച്ചടിച്ചു പുറത്തുവിടുന്നു. ഇത് അനേകർക്കു പ്രയോജനം ആയിത്തീരുമെന്ന് ഞങ്ങൾ കരുതുന്നു. ഒന്നാമതായി, ഈ സന്ദേശങ്ങൾ അഞ്ചിരട്ടി സഭാശുശ്രൂഷകന്മാർക്കാണ് എഴുതി അറിയിക്കുന്നതെങ്കിലും വിശ്വാസികൾക്ക് ഇത് ഏറ്റവും വലിയ മൂല്യമായിത്തീരുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അതുപോലെ നമ്മുടെ മേലുള്ള ദൈവത്തിന്റെ പുതിയ ചലനത്തിന് അനുസരിച്ച് സേവനം അനുഷ്ഠിക്കുവാൻ അവരെ ഉണർത്തുന്നതിനും സഹായിക്കും.

ദൈവത്തിന്റെ പുതിയ ചലനത്തിനായി നമുക്കു തയ്യാറായിരിക്കാം. ലോകത്തിലുള്ള അനേകം ക്രിസ്തീയനേതാക്കന്മാർ ഇതിനെ വിളിക്കുന്നത് "വിശുദ്ധന്മാരുടെ ചലനം" എന്നാണ്. വിശുദ്ധന്മാരുടെ ചലനം ആരംഭിച്ചുകഴിഞ്ഞു. നമ്മൾ നമ്മളെത്തന്നെ ഒരുക്കി മാറ്റം വരുത്തണം, അല്ലെങ്കിൽ നമ്മൾ കൈവിടപ്പെടും.

അനുഗ്രഹങ്ങൾ

**അഷീഷ് റായിച്ചൂർ,** പാസ്റ്റർ

# 1

# ദൈവത്തിന്റെ ഇപ്പോഴുള്ള ചലനം

“അവനിൽ താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്ക വണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു. അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടുതന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചനപോലെ, സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുൻനിയമിക്കപ്പെട്ടതു മുമ്പിൽകൂട്ടി ക്രിസ്തുവിൽ ആശവെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ചക്കാകേണ്ടതിനു തന്നെ” (എഫെസ്യർ 1:9–12).

“ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ച് പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു. അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയ പ്രകാരം സഭ മുഖാന്തരം അറിയായ്‌വരുന്നു” (എഫെസ്യർ 3:9–11).

ദൈവം ഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു – നിത്യമായ തന്റെ ഉദ്ദിഷ്ടകാര്യങ്ങളെ വെളിവാക്കുവാനും നിവർത്തിക്കുവാനും. ദൈവത്തിന്റെ ഹിതം നിർവ്വഹിക്കുന്ന പുരുഷന്മാരിലൂടെയും സ്ത്രീകളിലൂടെയും ദൈവം തന്റെ ഉദ്ദിഷ്ടകാര്യങ്ങളെ പുറത്തുവിടുന്നു.

ദൈവം ഇന്നും ഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ പദ്ധതികളും ഉദ്ദിഷ്ടകാര്യങ്ങളും വെളിവാക്കുന്നത് ദൈവം നിർത്തിയിട്ടില്ല. ദൈവം മാനുഷികമായ വംശത്തിന്മേൽ പ്രവർത്തി

ച്ചുകൊണ്ടിരിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന ഇടത്തേക്കു നമ്മളെ എടുക്കുന്നു. സമയം തികയുമ്പോൾ, ദൈവത്തിന്റെ പൂർത്തീകരിക്കപ്പെട്ട ശ്രേഷ്ഠന്മാരായി ദൈവം നമ്മെ കൂട്ടിച്ചേർക്കും.

“ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കയും ചെയ്യും. ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തത് ഒക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു” (അപ്പൊ. പ്ര. 3:19–21).

ദൈവം ആഗ്രഹിക്കുന്നതുപോലെ, വീണ്ടും എല്ലാക്കാര്യങ്ങളും യഥാസ്ഥാനത്താകുന്നതുവരെയും കർത്താവായ യേശുവിനെ സ്വർഗ്ഗത്തിൽ സൂക്ഷിക്കേണ്ടതാകുന്നു.

യേശുക്രിസ്തു ഇതുവരെയും തിരിച്ചുവരാത്തതിനാൽ, ദൈവം യഥാസ്ഥാനപ്പെടുത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ നടുവിലാണ് നാമിപ്പോൾ.

ദൈവം പ്രസ്താവിച്ചതുപോലെ തന്നേ, ക്രമമായി എല്ലാക്കാര്യങ്ങളെയും ദൈവം യഥാസ്ഥാനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ, ഈ യഥാസ്ഥാനപ്പെടുത്തുന്ന പ്രവൃത്തികളുടെ മദ്ധ്യത്തിലാണ് സഭ, എന്തുകൊണ്ടെന്നാൽ സഭയിലൂടെ തന്റെ അനേകവിധമായ ജ്ഞാനത്തെ പ്രദർശിപ്പിക്കും എന്നു ദൈവം നിശ്ചയിച്ചു.

## സഭയുടെ ചരിത്രത്തിലേക്കു ഒരു തിരിഞ്ഞുനോട്ടം

**പരിശുദ്ധാത്മാവിന്റെ ചലനത്തിന്റെ ബലവർദ്ധകമായ പൊതുവായ അവലോകനം.**

400–1400 AD അന്ധകാരയുഗങ്ങളുടെ കാലയളവിൽ ആത്മീയമായി സഭ ഒരു അസ്തിത്വത്തിന്റെ നിർവ്വീര്യമായിത്തീർന്നു.

## ഉണർവ്വും യഥാസ്ഥാനപ്പെടുത്തലും

മാർട്ടിൻ ലൂഥർ എന്ന ഒരു മനുഷ്യനിലൂടെ ആയിരത്തിഅഞ്ഞൂറാമാണ്ട് സഭയുടെ പുനഃക്രമീകരണം ആരംഭിച്ചു. വികാസത്തിന്റെ ഘട്ടങ്ങളിലൂടെയും തട്ടുകളിലൂടെയും സഭയെ യഥാസ്ഥാനപ്പെടുത്തി ദൈവം അഭിവൃദ്ധിയിലേക്കു നടത്തി.

ഉണർവ്വുകൾ ഉണ്ടാകുകയും ചില പ്രദേശങ്ങളെ സ്പർശിക്കുകയും പിന്നീട് തണുത്തുപോകുകയും ചെയ്തു. പിന്നീട് ചില ഉണർവുകൾ ഉണ്ടാകുകയും അത് ഒരു ചലനമായിത്തീരുകയും ശക്തമായ സത്യത്തെ യഥാസ്ഥാനപ്പെടുത്തുകയും ദൈവത്തിന്റെ പുതിയ ചലനത്തെ പ്രദർശിപ്പിക്കുകയും ചെയ്തു. ഇത് ക്രമേണ സഭയ്ക്ക് ഒരു അഭിവൃദ്ധി ആയിത്തീർന്നു. സത്യത്താലും ദൈവത്തിന്റെ ചലനത്താലുമുണ്ടായ ഉണർവിന്റെ ഉത്ഭവത്തിലൂടെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായ അനേകരും, എല്ലാവരും അല്ലെങ്കിലും, സ്പർശിക്കപ്പെട്ടു. ഇത് തീർച്ചയായും സഭയുടെ അഭിവൃദ്ധിക്ക് മുഖാന്തരമായിത്തീർന്നു.

ദൈവം ആരംഭിച്ചതിനെ മനുഷ്യൻ സ്ഥാപിച്ചു. ദൈവത്തിന്റെ അവ്യാജമായ ചലനത്തിലൂടെയാണ് ഇന്നത്തെ അനേകം മതശാഖകളും ഉത്ഭവിച്ചത്. ദൈവം പ്രദർശിപ്പിച്ച നിയമത്തെയും ഘടനയെയും സൗകര്യപ്പെടുത്തുന്നതിൽ യാതൊരു തെറ്റുമില്ല. എന്നാൽ യഥാസ്ഥാനപ്പെടുത്തിയ സത്യത്തെയും ആത്മാവിന്റെ പ്രവർത്തനങ്ങളെയും പൂജിക്കുന്നതിനു പകരം നിയമങ്ങളെയും ഘടനകളെയും പൂജിക്കാതിരിക്കാൻ നാം വളരെയധികം സൂക്ഷ്മതയുള്ളവരായിരിക്കണം. നിയമങ്ങളെയും ഘടനകളെയും സത്യത്തെയും ദൈവത്തിന്റെ ചലനങ്ങളെയും പിൻതാങ്ങുവാൻ സ്ഥാപിക്കപ്പെട്ട ഭരണകൂടങ്ങളെയും നാം പൂജിക്കുന്നവരായിത്തീരുകയാണെങ്കിൽ, കഴിഞ്ഞ കാലങ്ങളുടെ മരിച്ച അവശിഷ്ടങ്ങളിൽ നാം

അവസാനിക്കും. ജീവനും ശക്തിയും ഇല്ലാത്ത ഒരു സമ്പ്രദായം മാത്രം ആയിരിക്കും നമുക്ക് അവശേഷിക്കുന്നത്. സഭയിലൂടെ സത്യത്തെ യഥാസ്ഥാനപ്പെടുത്തി ദൈവത്തിന്റെ ആത്മാവിന്റെ കാറ്റിനെ പുതുതായി പ്രദർശിപ്പിച്ചു അഭിവൃദ്ധിപ്പെടുത്തുന്നത് ദൈവം തുടർന്നുകൊണ്ടേയിരിക്കുന്നു. യഥാസ്ഥാനപ്പെടുത്തിയ സത്യം പുതിയ സത്യം അല്ല. എന്നാൽ, തിരുവെഴുത്തിൽ നേരത്തെ തന്നേ വെളിപ്പെടുത്തിയിരിക്കുന്ന സത്യം ആണ്. എന്നാൽ അതു കാണാനുള്ള വെളിപ്പാട് നമുക്ക് ഉണ്ടായിരുന്നില്ല. പരിശുദ്ധാത്മാവിന്റെ പുതിയ കാറ്റ് എന്നു പറഞ്ഞാൽ, പരിശുദ്ധാത്മാവിനു മാറ്റം വരുന്നു എന്നല്ല. അത് എങ്ങനെയെന്നാൽ, നേരത്തെ നമ്മൾ അനുഭവിച്ചിട്ടില്ലാത്ത, ദൈവത്തിന്റെ അനന്തമായ വ്യക്തിത്വത്തിന്റെ പുതിയ അളവ് അനുഭവിക്കുവാൻ ദൈവം നമ്മെ അനുവദിക്കുന്നു എന്നാണ്.

ഇതിന്റെ ഫലമായി, വലിയ ചലനങ്ങളുടെയും, സത്യം യഥാസ്ഥാനപ്പെടുത്തിയതിന്റെയും, മതശാഖകളും സ്ഥാപനങ്ങളും രൂപം കൊണ്ടതിന്റെയും ഒരു ക്ഷണിക ചുരുക്കം താഴെ കൊടുത്തിരിക്കുന്നു.

- 1500 – നവീകൃത സഭകളുടെ ചലനം, വിശ്വാസത്താൽ കൃപയാലുള്ള രക്ഷയും എല്ലാ വിശ്വാസികലുടെയും പൗരോഹിത്യവും വെളിപ്പെടുത്തിത്തന്നു.
    - ലുഥറൻ, എപ്പസ്കോപാലിയൻ, പ്രെസ്ബിറ്റേറിയൻ, കോൺഗ്രിഗേഷനൽ ഇവ സ്ഥാപിതമായി.
- 1600 – പൂരിറ്റൻ ചലനം, ജലസ്നാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വിവേകവും രാജ്യത്തുനിന്ന് സഭയുടെ വിഭജനവും കൊണ്ടുവന്നു.
    - മെന്നോനൈറ്റ്, ബാപ്ടിസ്റ്റ് അതുപോലെ മറ്റ് അടിസ്ഥാനപരമായ ഇവാൻജലിക്കൽ മതശാഖകളും സ്ഥാപിക്കപ്പെട്ടു.

- 1700 - വിശുദ്ധിയുടെ ചലനം വിശുദ്ധീകരണത്തെക്കുറിച്ചുള്ള വിവേകം കൊണ്ടുവന്നു - സഭ ലോകത്തിൽനിന്നും വേർതിരിക്കപ്പെടുന്നത്.
- മെതഡിസ്റ്റ്, നസ്രേൻ, ചർച്ച് ഓഫ് ഗോഡ്, വിശുദ്ധസഭകൾ/ മതവിഭാഗങ്ങൾ സ്ഥാപിക്കപ്പെട്ടു.
- 1800 - ദിവ്യമായ സൗഖ്യത്തിന്റെ ചലനം, നൈസർഗ്ഗികമായ ശരീരത്തിന്മേലുള്ള, ദൈവത്തിന്റെ സൗഖ്യത്തിന്റെ ശക്തിയെ വെളിപ്പെടുത്തുകയും പ്രദർശിപ്പിക്കുകയും ചെയ്തു.

  •ക്രിസ്ത്യൻ മിഷനറിമാരുടെ സഖ്യം etc. etc.
- 1900 - പെന്തക്കോസ്തു ചലനം പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചും അന്യഭാഷ സംസാരിക്കുന്നതിനെക്കുറിച്ചുമുള്ള വെളിപ്പാടു കൊണ്ടുവന്നു.

  •പെന്തക്കോസ്തു ചലനം 1900-1940

  •അസംബ്ലി ഓഫ് ഗോഡ്, യുണൈറ്റഡ് പെന്തക്കോസ്ത്, ഫോർസ്ക്വയർ, ചർച്ച് ഓഫ് ഗോഡ് ഇൻ ക്രൈസ്റ്റ്.

  • കരിസ്മാറ്റിക് ചലനം 1950-1970

  • നോൺ ഡിനോമിനേഷണൽ സഭകൾ, സ്വതന്ത്രമായിട്ടുള്ള സഭകൾ, കരിസ്മാറ്റിക് സഭകൾ, ഫെയ്ത്ത്&വേർഡ് സഭകൾ, മിനിസ്റ്റീരിയൽ ഫെലോഷിപ്പ്.

  • പ്രവചന/അപ്പൊസ്തലിക് ചലനം 1980-1990

  • പ്രവചന സഭകളും നെറ്റ്വർക്സും, അപ്പൊസ്തലിക് സഭകളും നെറ്റ്വർക്സും.
- 2000 - പെന്തക്കോസ്തൽ ചലനത്തിനു തുടർച്ചയായി വളരെ വ്യക്തമായ തിരിച്ചറിയലിന്റെ ചലനങ്ങൾ സഭയിൽ ഉണ്ടാകുകയും ദൈവരാജ്യത്തിൽ ക്രിസ്തുവിന്റെ ശരീരം ഉയരത്തിലേക്കു കയറുന്നതിനും ഇത് കാരണമായിത്തീർന്നു.

സുവിശേഷകന്മാരുടെ അഞ്ചിരട്ടി ശുശ്രൂഷയും (1950), പാസ്റ്ററന്മാരുടെ (1960), അദ്ധ്യാപകന്മാരുടെ (1970), പ്രവാചകന്മാരുടെ (1980), അപ്പൊസ്തലന്മാരുടെ (1990) ശുശ്രൂഷയും, ഓരോന്നും ക്രിസ്തുവിന്റെ ശരീരത്തോടു യഥാസ്ഥാനപ്പെടുത്തി. ദൈവത്തിന്റെ കലണ്ടറിൽ നാം ഇപ്പോൾ ആ സമയത്താണ്. അവിടെ വിശുദ്ധന്മാരെ ഒരുക്കി പൗരോഹിത്യ ശുശ്രൂഷക്കായി വിട്ടയയ്ക്കുന്നു.

“അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അത് നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനക്കും ആകുന്നു” (എഫെസ്യർ 4:11-13).

ക്രിസ്തുവിന്റെ ശരീരത്തിൽ, അഞ്ചിരട്ടി ശുശ്രൂഷാ ഓഫീസുകളെ ദൈവം യഥാസ്ഥാനപ്പെടുത്തി. അഞ്ചുമടങ്ങ് ശുശ്രൂഷയുടെ ഉദ്ദേശ്യം വിശുദ്ധന്മാരെ ശുശ്രൂഷയുടെ വേലക്കായി ഒരുക്കുക എന്നതാണ്.

ദൈവത്തിന്റെ അടുത്ത ചലനത്തിന്റെ ആരംഭത്തിലാണ് നാമിപ്പോൾ.

## • വിശുദ്ധന്മാരുടെ ചലനം

വിശുദ്ധന്മാരുടെ ചലനത്തിൽ, എല്ലാ വിശ്വാസിയും (വിശുദ്ധൻ) ദൈവവചനംകൊണ്ടും, ആത്മാവിന്റെ ശക്തികൊണ്ടും, ആത്മാവിന്റെ വരങ്ങളിൽ ഉത്സാഹപ്പെടുത്തിക്കൊണ്ടും, അത്ഭുതങ്ങളിലും അടയാളങ്ങളിലും അതിശയങ്ങളിലും ഒഴുകിക്കൊണ്ടും, ഒരുക്കപ്പെടുന്നു - ഇങ്ങനെ ശുശ്രൂഷയുടെ പ്രവൃത്തികൾ ചെയ്യുന്നു.

വിശ്വാസികൾക്കു അഞ്ചുമടങ്ങു ശുശ്രൂഷ കൊടുത്തത് വിശ്വാസികൾക്ക് സേവനം അനുഷ്ഠിക്കുവാനാണ്. അല്ലാതെ വേറെ വിധത്തിലല്ല. ഇന്നത്തെ അനേക സഭകളിലും ശുശ്രൂഷകളിലും നാം കാണുന്നത്, നമ്മൾ, അഞ്ചുമടങ്ങ് ശുശ്രൂഷക്കാർ, നമ്മളേത്തന്നെ നയിക്കുന്നത്, വിശ്വാസികൾ നമ്മുടെ ആവശ്യങ്ങളെ നടത്തിത്തരണമെന്നുള്ള പ്രതീക്ഷയോടും, നമ്മുടെ കാര്യപരിപാടിപ്രകാരം സേവനം അനുഷ്ഠിക്കണമെന്നും നമ്മുടെ വീക്ഷണം നിറവേറ്റണം എന്നുമാണ്. വിശുദ്ധന്മാരുടെ ചലനത്തിന്റെ സമയത്ത് ഇതെല്ലാം അപ്രത്യക്ഷമാകും.

"ഒരു മനുഷ്യന്റെ സേന" മേലാൽ കാണുകയില്ല. ദൈവത്തിന്റെ സേന, ശുശ്രൂഷയുടെ വേല ചെയ്യാൻ ഒരുക്കപ്പെട്ട, അനേകം ആയിരങ്ങളാൽ ഗുണിക്കപ്പെട്ടതും ലക്ഷോപലക്ഷവുമായ വിശുദ്ധന്മാരാൽ (വിശ്വാസികളാൽ) നിറയപ്പെട്ട സേന ആയിരിക്കും. എന്നാൽ അവിടെ കപ്പിത്താന്മാരും നായകന്മാരും ഉണ്ടായിരിക്കും. "ഒരു മനുഷ്യന്റെ കാണിക്കൽ" ഇനിയും ഉണ്ടാവുകയില്ല.

ശുശ്രൂഷക്കായി, വിശുദ്ധന്മാരെ ഒരുക്കി അയയ്ക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരം ആത്മീയ ഉന്നതി നേടുന്നത് നമുക്കു കാണുവാൻ സാധിക്കും - മുമ്പ് ഒരിക്കലും പണിയപ്പെടാത്തതു പോലെ.

അപ്പോൾ വിശ്വാസത്തിന്റെ ഒത്തൊരുമയിലേക്കും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലേക്കും ദൈവം നമ്മളെ കൊണ്ടുവരും. ക്രിസ്തുവിനെപ്പോലെയുള്ള മുഴുവൻ അളവിലേക്കു നാം ഉയർത്തപ്പെടും. ക്രൈസ്തവലോകത്തെ ഇന്നു നോക്കുമ്പോൾ ചിലർ പറഞ്ഞേക്കാം എല്ലാ വിശ്വാസികളും വിശ്വാസത്തിന്റെ ഒത്തൊരുമയിൽ വരുന്നത് അസാദ്ധ്യമാണെന്ന്. എന്നാൽ, നമ്മൾ പഴയ കാലങ്ങളിലേക്ക്, അന്ധകാരയുഗത്തിലേക്കു പോയി, സത്യം യഥാസ്ഥാനപ്പെടുത്തുവാനുള്ള സമയം വരുമെന്നും, പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെയും മറ്റും നാം അനുഭവമാക്കും എന്നും പറഞ്ഞിരുന്നു എങ്കിൽ അത് അസാദ്ധ്യമായി തോന്നിയേനേം.

എന്നാൽ നമ്മൾ എവിടെയാണെന്നു കാണുക. കർത്താവ് ചെയ്തതെല്ലാം നോക്കുക. അതുകൊണ്ട് നമ്മൾ ഒരുങ്ങിയിരിക്കണം. ഇന്ന് അസാദ്ധ്യമെന്നു തോന്നുന്നതെല്ലാം എത്രയും വേഗം യാഥാർത്ഥ്യമായിത്തീരും.

കറയും കളങ്കവുമില്ലാത്ത ഒരു സഭക്കുവേണ്ടി ക്രിസ്തു മടങ്ങി വരും, എല്ലാ അംഗങ്ങളും ശരിയായിട്ടുള്ള സ്ഥലത്ത് ഇരിക്കുന്ന ഒരു ശരീരത്തിനായും, ഒരുമിച്ചു യോജിപ്പിച്ചിരിക്കുന്നതും ഓരോരുത്തരും താന്താന്റെ പ്രവൃത്തി ശരിയായി ചെയ്യുന്നതുമായ (എഫെസ്യർ 5:27).

**വായനക്കുള്ള ശുപാർശ**

*The Day of the Saints,* Dr. Bill Hamon, 2002 *Apostles, Prophets and the coming moves of God,* Dr. Bill Hamon, 1997.

## വിശുദ്ധന്മാർ (വിശ്വാസികൾ) സുപ്രധാനമായവർ

വിശുദ്ധന്മാർ (വിശ്വാസികൾ) തീർച്ചയായും ദൈവത്തിന് സുപ്രധാനമായവരാണെന്നുള്ളത് നാം മനസ്സിലാക്കണം.

ദൈവത്തിന്റെ പൂർവ്വാർജ്ജിതസ്വത്തു വിശുദ്ധന്മാരാണ്.

"നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അറിയേണ്ടതിന്" (എഫെസ്യർ 1:18).

ഇത് എത്ര ഭയാവഹമാണ്. ദൈവം തന്റെ പൂർവ്വാർജ്ജിത സ്വത്തു കാണുന്നത് തന്റെ വിശുദ്ധന്മാരിലാണ്. വിശുദ്ധന്മാർ ദൈവത്തിന്റെ വിലപ്പെട്ട സ്വത്താണ്.

**വിശുദ്ധന്മാരിൽ ക്രിസ്തു മഹത്വപ്പെടും**

"ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിനും" (2 തെസ്സലോനിക്യർ 1:10).

**വരുവാനുള്ള രാജ്യത്തിൽ ഭരണം നടത്തുന്നത് വിശുദ്ധന്മാരാണ്.**

ഈ ലോകത്തിലുള്ള എല്ലാ രാജ്യങ്ങളുടെയും ഭരണം, കർത്താവായ യേശുക്രിസ്തുവിന്റെ കീഴിൽ, അധികം ദൂരത്തല്ലാത്ത ഒരു സമയത്ത് വരാൻ പോകുകയാണ്. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടായിരിക്കയില്ല (ദാനിയേൽ 2:44; വെളിപ്പാട് 11:15).

രാജ്യം വിശുദ്ധന്മാർക്ക് കൊടുക്കുവാൻ പോകുന്നത് രസകരമായ കാര്യമാണ്. വിശ്വാസികൾ ദൈവരാജ്യത്തിലെ ഭരണം നടത്തും. ദൈവം തന്റെ ജനത്തിനുവേണ്ടി ഇത്ര അതിപ്രധാനമായ ഒരു ജോലി ആണ് ഒരുക്കിയിരിക്കുന്നത്.

"എന്നാൽ അത്യുന്നതനായവന്റെ വിശുദ്ധന്മാർ രാജത്വം പ്രാപിച്ചു എന്നേക്കും സദാകാലത്തേക്കും രാജത്വം അനുഭവിക്കും. പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിനു ലഭിക്കും; അവന്റെ രാജത്വം നിത്യരാജത്വം ആകുന്നു; സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും" (ദാനിയേൽ 7:18,27).

"വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്ന് അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ?" (1 കൊരിന്ത്യർ 6:2).

**വിശുദ്ധന്മാർ (വിശ്വാസികൾ) പ്രാധാന്യമേറിയവരാണ്**

അഞ്ചുമടങ്ങ് ശുശ്രൂഷക്കാരായ നമ്മൾ, ദൈവത്തിന്റെ ഹൃദയത്തെ ദൈവത്തിന്റെ ജനത്തിങ്കലേക്കു വിശുദ്ധന്മാരിലേക്കു കൊണ്ടുവരേണ്ടതാകുന്നു. ദൈവജനത്തെ ദൈവം വിലമതിക്കുന്നതുപോലെ നമ്മളും അതുപോലെ വിലമതിക്കുവാൻ തുടങ്ങണം. ദൈവം മഹത്തായി ആസൂത്രണം ചെയ്തതിനെ സഫലീകരിക്കാൻ നമ്മൾ, വിശുദ്ധന്മാരെ ചുമതല ഏല്പിക്കുകയും, അധികാരപ്പെടുത്തുകയും

ഒരുക്കുകയും വേണം. ദൈവജനങ്ങളോടു നമുക്ക് ഒരു വികാരവും ആഴമേറിയ സ്നേഹവും ഉണ്ടായിരിക്കണം – ദൈവത്തിന് തന്റെ ജനങ്ങളോടുള്ള സ്നേഹംപോലെ. ദൈവത്തിന്റെ സ്നേഹം അതി ലാളനയാൽ വഷളാക്കുന്ന സ്നേഹമല്ല – പാപത്തിന് മാപ്പു കൊടു ക്കുന്നതാണ്, നിശ്ചയദാർഢ്യമില്ലായ്മയെപ്പറ്റിയും, അതുപോലെ യുള്ളതിനെപ്പറ്റിയും ഇടപാടു ചെയ്യുന്നതല്ല. എന്നാൽ, ദൈവത്തിന്റെ സ്നേഹം "കഠിനതരത്തിലുള്ള സ്നേഹമാണ്," നിലനിൽക്കുന്ന സ്നേഹമാണ്, ഒരു പിതാവ്, നശിപ്പിക്കാതെ, ശിക്ഷണം നടത്തുന്ന സ്നേഹം പോലെയുള്ള സ്നേഹം (എബ്രായർ 12:5–11). ക്ഷമി ക്കുന്ന സ്നേഹമാണ്. ദയയുള്ള സ്നേഹമാണ്, എന്നാൽ പാപ ത്തിൽ സന്തോഷിക്കാത്ത സ്നേഹമാണ് (1 കൊരി 13:4–8). നമ്മൾ വിശുദ്ധന്മാരെ ശുശ്രൂഷിക്കുമ്പോൾ ഈ സ്നേഹം നമ്മെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം.

"വിശുദ്ധന്മാരെ ഒരുക്കുക" എന്ന സംവാദം നാം തുടർന്നു കൊണ്ടിരിക്കുമ്പോൾ വിശുദ്ധന്മാരുടെ ചലനത്തിൽ, അവരുടെ ജോലി എന്താണെന്നും അഞ്ചുമടങ്ങു ശുശ്രൂഷക്കാരുടെ ജോലി എന്താണെന്നും നാം മനസ്സിലാക്കണം. ദൈവത്തിന്റെ പുതിയ ചലനത്തിലേക്ക് അഞ്ചുമടങ്ങു ശുശ്രൂഷക്കാർക്ക് എങ്ങനെ രൂപാ ന്തരം വരുത്തുവാൻ കഴിയും? വിശുദ്ധന്മാരുടെ ചലനം നഗരങ്ങ ളിലെ സഭയെയും നഗരങ്ങളുടെ രൂപാന്തരങ്ങളെയും എങ്ങനെ യാണ് സ്പർശിക്കുവാൻ പോകുന്നത്? ചില വാദവിഷയങ്ങളാ ണിത്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഇത് ഞങ്ങൾ കേന്ദ്രീക രിക്കും.

## 2

# വിശുദ്ധന്മാരുടെ ജോലി

ദൈവത്തിന്റെ ഇപ്പോഴത്തെ ചലനത്തിൽ വിശുദ്ധന്മാരുടെ (വിശ്വാസികളുടെ) ജോലി എന്താണെന്നും വിശുദ്ധന്മാരുടെ (വിശ്വാസികളുടെ) ശുശ്രൂഷ എങ്ങനെയാണ് പ്രദർശിപ്പിക്കാൻ പോകുന്നതെന്നും നാം മനസ്സിലാക്കണം.

## എല്ലാ വിശ്വാസിയും ഒരു ശുശ്രൂഷകനാണ്

"എന്നാൽ നമ്മിൽ ഓരോരുത്തനു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനു ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു. അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവി ശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനക്കും ആകുന്നു ഇത്" (എഫെസ്യർ 4:7, 11–12).

എല്ലാ വിശ്വാസിയുടെയും ജീവിതത്തിൽ കൃപയും ചില വര ങ്ങളുടെ ഒരളവും കർത്താവ് ഏല്പിച്ചുകൊടുത്തിട്ടുണ്ട്. അഞ്ചുമ ടങ്ങ് ശുശ്രൂഷക്കാർക്ക് വിശുദ്ധന്മാരെ ഒരുക്കുന്നതിനുള്ള ചുമതല ഏല്പിച്ചുകൊടുത്തിരിക്കുകയാണ്. അതുകൊണ്ട് വിശുദ്ധന്മാർ ശുശ്രൂഷക്കാരുടെ വേല ചെയ്യുവാനായി.

വേദപുസ്തകപ്രകാരം എല്ലാ വിശ്വാസിയും ഒരു ശുശ്രൂഷക നാണ്. അതുകൊണ്ട് ശുശ്രൂഷയുടെ വേല ചെയ്യണം. ശുശ്രൂഷ അഞ്ചുമടങ്ങ് ശുശ്രൂഷക്കാർക്കു മാത്രം ഉള്ളതല്ല.

"ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ല താനും; അതുപോലെ പല രായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവ യവങ്ങളും ആകുന്നു. ആകയാൽ നമുക്കു ലഭിച്ച കൃപക്കു ഒത്ത

വണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട് ശുശ്രൂഷ ചെയ്വിൻ" (റോമർ 12:4–6).

എല്ലാ വിശ്വാസികൾക്കും ഒരുപോലെയുള്ള പ്രവൃത്തി അല്ലെന്നുള്ളത് സത്യമാണ്. എന്നാൽ എല്ലാ വിശ്വാസികൾക്കും ക്രിസ്തുവിന്റെ ശരീരത്തിൽ ചില പ്രവൃത്തികൾ ഉണ്ടെന്നുള്ളത് തെളിവാണ്. ദൈവത്തിന്റെ കൃപ നമുക്കു തന്നതിൻപ്രകാരവും ക്രിസ്തുവിന്റെ ശരീരത്തിൽ നിശ്ചയപ്രകാരം നിർവ്വഹിക്കേണ്ടതിന്റെ പൊരുത്തത്തിൻ പ്രകാരവും നമുക്ക് ഓരോരുത്തർക്കും വരങ്ങൾ നല്കപ്പെട്ടിരിക്കുന്നു.

എല്ലാ വിശ്വാസിയും തങ്ങൾക്കു ഒരു ശുശ്രൂഷ ഉണ്ടെന്നുള്ള സത്യത്തിനുവേണ്ടി ഉണരണം. എല്ലാ വിശ്വാസികൾക്കും ദൈവം ഒന്നോ അതിൽ അധികമോ പ്രവൃത്തികൾക്കു നിയോഗം കൊടുത്തിട്ടുണ്ട്. അതിനായി നേരത്തേ തന്നേ ദൈവം വരങ്ങളും കൃപയും ഏല്പിച്ചുകൊടുത്തിട്ടുണ്ട്.

## വിശ്വാസികളെ ശുശ്രൂഷ ഏല്പിച്ചുകൊടുക്കണം - പ്രാദേശിക സഭയിൽ തന്നേ തക്ക അവസരം

"ഓരോരുത്തന് വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ. ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്ന പോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നൽകുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത്. ആമേൻ" (1 പത്രോസ് 4:10–11).

ദൈവം തന്റെ വിശുദ്ധന്മാർക്കു വരങ്ങളും കൃപകളും ഏല്പിച്ചുകൊടുക്കുന്നതിന്റെ കാരണം, ഓരോരുത്തർക്കും ശുശ്രൂഷ ചെയ്യുന്നതിന് വരങ്ങളെ ഉപയോഗിക്കുവാനാണ്. അതുകൊണ്ട് പ്രാദേശികസഭകളിൽ, പല തലങ്ങളിൽ തങ്ങളുടെ വരങ്ങളെ അഭ്യസി

പ്പിക്കുവാൻ, വിശ്വാസികൾക്കു അവസരം കൊടുക്കണം. ഏകകാലികമായ സ്വഭാവ അഭിവൃദ്ധിയും പക്വതയും ഉറപ്പുവരുത്തുന്ന വിധത്തിൽ ഇതു ചെയ്യണം എന്നുള്ളത് സത്യം ആണ്. ഇത് അധികാരികൾക്ക് ശരിയായ വിധത്തിൽ കീഴടങ്ങിയും പ്രാദേശികസഭയുടെ ദർശനത്തിനും ദിശക്കും പൊരുത്തപ്പെടത്തക്ക വിധത്തിലും ആയിരിക്കണം. എന്നാൽ എന്റെ അഭിപ്രായപ്രകടനം ഇങ്ങനെയാണ് തങ്ങളുടെ വരങ്ങളെ കണ്ടുപിടിക്കുവാനും പ്രായോഗികമാക്കുവാനും ഇളക്കപ്പെടാത്ത ഒരുകൂട്ടം ജനങ്ങളെക്കൊണ്ട് നമ്മുടെ എല്ലാ സഭകളും നിറഞ്ഞിരിക്കുകയാണ്. അല്ലെങ്കിൽ, തങ്ങളുടെ വരങ്ങളെയും കൃപയെയും പറ്റി അറിയുന്ന ജനങ്ങൾ, എന്നാൽ അവസരം ലഭിക്കാത്തതുകൊണ്ട് അതിനെ ഉപയോഗിക്കാൻ കഴിയാത്തവർ. സാധാരണയായി, പരിശീലിക്കുന്നവരും, സ്വഭാവവികസനവും, പക്വതയും, സമർപ്പണവും മറ്റു ബന്ധപ്പെട്ട കാര്യങ്ങളും നീട്ടിവയ്ക്കുന്നവരും വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. തീർച്ചയായും അനേകംപേരും സജീവമല്ലാത്തവരും ചുമതലയില്ലാത്തവരുമാണ്.

ഇതിനു മാറ്റം വരണം. ഒരു സഭയിലെ ജനങ്ങളുടെ ശതമാനത്തെ ഉത്സാഹപ്പെടുത്തി അവരുടെ ശുശ്രൂഷക്കു വിട്ടയയ്ക്കുമ്പോൾ മാത്രമാണ് ആ പ്രാദേശികസഭ സത്യമായും പ്രവർത്തിക്കുന്നത്. 100 ജനങ്ങൾ ഉള്ള ഒരു സഭയിൽ 20 പേർ മാത്രമേ തങ്ങളുടെ വരങ്ങളെക്കുറിച്ച് മനസ്സിലാക്കി ഊർജ്ജസ്വലമായി ശുശ്രൂഷിക്കുന്നു എങ്കിൽ ആ പ്രാദേശികസഭയുടെ പ്രവർത്തനങ്ങൾ 20% മാത്രമാണ്. ആ സഭയിലെ 80% പേരും പ്രവർത്തിക്കാത്തവരും, സജീവമല്ലാത്തവരും, നിഷ്ക്രിയമായ അംഗത്വമുള്ളവരും ആയിരിക്കും.

“ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനക്കായി അവനിൽനിന്നു വളർച്ച പ്രാപിക്കുന്നു” (എഫെസ്യർ 4:16).

എല്ലാ ഭാഗങ്ങളും തങ്ങളുടെ പങ്കുചെയ്യുമ്പോൾ, ശരീരം വളരുന്നതിന് അത് കാരണമായിത്തീരുകയും, ക്രിസ്തുവിനെപ്പോലെയുള്ള പക്വതയിൽ പണിയപ്പെടുകയും ചെയ്യും, സ്നേഹത്തിൽ! ആശ്ചര്യപ്രകടനത്തിൽ! എല്ലാ വിശ്വാസികളെയും ശരീരത്തിലാക്കി, ഉത്സാഹപ്പെടുത്തി, അവരുടെ ശുശ്രൂഷക്കു അയയ്ക്കാൻ ഇതു മതിയായ കാരണമാണ്.

## ചില വിശ്വാസികളെ വിളിക്കുന്നത് ചന്തസ്ഥലത്തു ശുശ്രൂഷ ചെയ്യുവാനാണ്

ചില വിശ്വാസികൾക്ക് അവരുടെ ശുശ്രൂഷയുടെ പ്രസംഗപീഠം അവരുടെ പ്രാദേശികസഭയിലെ പ്രസംഗപീഠം അല്ല, എന്നാൽ അവരുടെ സഭയുടെ പുറത്ത് ചന്തസ്ഥലത്താണ് - വ്യാപാരങ്ങളിൽ, ഭരണകൂടത്തിൽ, വിദ്യാഭ്യാസത്തിൽ, ആഘോഷങ്ങളിൽ, കൗശലങ്ങളിൽ, മാധ്യമങ്ങളിൽ, വിനോദങ്ങളിൽ etc. etc.

ജനങ്ങൾ ഉള്ളയിടങ്ങളിലാണ് ശുശ്രൂഷ സംഭവിക്കുന്നത് എന്ന കാര്യം നാം മനസ്സിലാക്കണം - പ്രാദേശികസഭയുടെ അകത്തും പുറത്തും. പ്രാദേശികസഭയുടെ പശ്ചാത്തലത്തിനു വെളിയിൽ ശുശ്രൂഷ നിവർത്തിക്കുവാൻ അനേകം വിശ്വാസികൾക്കു വരങ്ങളും കൃപയും ലഭിക്കും. ഇത്, പ്രാദേശികസഭയോട് ബന്ധമില്ലെന്നും ഘടിപ്പിച്ചിട്ടില്ലെന്നും അർത്ഥമാക്കരുത്. അവരെ ഒരുക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന സ്ഥലം പ്രാദേശിക സഭയാണ്. വിശ്വാസികൾക്കു പോഷകാഹാരവും, ഉന്മേഷദായകവും, ഉപദേശവും, മാർഗ്ഗദർശനവും മുതലായത് ഒക്കെയും ലഭിക്കുന്ന സ്ഥലം പ്രാദേശികസഭയാണ്. എന്നാൽ, അവരുടെ ശുശ്രൂഷയുടെ ഒന്നാമത്തെ മണ്ഡലം അവരുടെ പ്രാദേശികസഭയ്ക്ക് പുറത്തായിരിക്കും - വെളിയിൽ ലോകത്തിലും ചന്തസ്ഥലങ്ങളിലും.

അവർ തൊഴിൽപരമായവർ ആയിരിക്കാം, വ്യാപാരം ചെയ്യുന്നവരായിരിക്കാം, രാഷ്ട്രീയപ്രവർത്തകനായിരിക്കാം, വിദ്യ അഭ്യസിപ്പിക്കുന്നവരായിരിക്കാം. അവർ സഭകളെ നയിക്കുന്നവരായിരിക്കാം, പ്രാർത്ഥനാ കൂട്ടങ്ങളെ നയിക്കുന്നവരായിരിക്കാം, വെളി

യിൽ പ്രവർത്തിക്കുന്നവരായിരിക്കാം, വെളിയിൽ ചന്തസ്ഥലങ്ങളിൽ ശുശ്രൂഷ നയിക്കുന്നവരായിരിക്കാം.

യെരുശലേമിലുള്ള വിശ്വാസികൾ ചിതറിക്കപ്പെട്ടു, എന്തുകൊണ്ടെന്നാൽ, അവർ പീഡിപ്പിക്കപ്പെടുകയും അപ്പൊസ്തലന്മാരും നേതാക്കന്മാരും പോകാത്ത പ്രദേശങ്ങളിൽ പോയി അവർ യേശുവിനെ പ്രസംഗിക്കുകയും ചെയ്തതിനാൽ (അപ്പൊ. പ്ര. 8,11). സുവിശേഷവുമായി പുതിയ പട്ടണങ്ങളിലും നഗരങ്ങളിലും എത്തിച്ചേർന്നു. സാധാരണ വിശ്വാസികളെക്കൊണ്ട് സഭകൾ സ്ഥാപിക്കപ്പെട്ടു. ഒരിക്കൽ സ്ഥലം ഒരുക്കിയപ്പോൾ യെരുശലേമിലുള്ള അപ്പൊസ്തലന്മാർ, വേലയെ ശക്തീകരിക്കുവാനായി ആളുകളെ അവിടേക്ക് അയച്ചു.

ഇത് ഇന്നും സംഭവിപ്പാൻ കഴിയും. വിശുദ്ധന്മാരുടെ ചലനത്തിൽ, ചന്തസ്ഥലങ്ങളിലുള്ള വിശ്വാസികളെ, പൂർണ്ണസമയം ശുശ്രൂഷ ചെയ്യുന്നവർക്കു എത്തിച്ചേരാൻ സാധിക്കാത്ത ഇടങ്ങളിൽ, ദൈവം എടുത്ത് ഉപയോഗിക്കും. എന്നാൽ ഇതിന്റെ അർത്ഥം, നമ്മുടെ വേലയെക്കുറിച്ചും ക്രിസ്ത്യാനികളുടെ ചന്തസ്ഥലങ്ങളിലുള്ള ജോലിയെക്കുറിച്ചും നാം മനസ്സിലാക്കുന്നതിൽ മാറ്റം വരുത്തും എന്നാണ്. ഈ വിഷയത്തെക്കുറിച്ചു കൂടുതൽ പഠിക്കുവാൻ, ഞങ്ങളുടെ സൗജന്യപ്രസിദ്ധീകരണമായ, “Biblical Attitude towards word” വായിക്കുവാൻ ഞങ്ങൾ നിങ്ങൾക്കു ശുപാർശ ചെയ്യുന്നു.

## പരിശുദ്ധാത്മാവിന്റെ അമാനുഷശക്തി വിശ്വാസികളിൽ പ്രത്യക്ഷമാകുവാനും അവർ അതിൽ നടക്കുവാനും തുടങ്ങും

അഞ്ചുമടങ്ങ് ശുശ്രൂഷ ചെയ്യുന്ന ഒരാളിനെപ്പോലെ, വിശ്വാസികൾ, പരിശുദ്ധാത്മശക്തിയിൽ നടക്കാൻ തുടങ്ങുകയും, അവരിൽ അമാനുഷശക്തി പ്രത്യക്ഷപ്പെടുകയും, ആത്മാവിന്റെ വരങ്ങൾ ഒഴുകുവാൻ തുടങ്ങുകയും ചെയ്യും.

“ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും” (യോഹന്നാൻ 14:12).

യേശു ഇവിടെ ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്തതുപോലെയുള്ള അടയാളങ്ങളും അത്ഭുതങ്ങളും അതിശയങ്ങളും ഏതു പ്രായത്തിലുള്ള വിശ്വാസികളും ചെയ്യണമെന്നാണ് യേശു ഉദ്ദേശിക്കുന്നത്. അടയാളങ്ങളും അത്ഭുതങ്ങളും അതിശയങ്ങളും ആദിമസഭക്കു മാത്രമാണ് പരിധിപ്പെടുത്തിയതെന്നു യേശു ഒരിക്കലും പ്രസ്താവിച്ചിട്ടില്ല. യേശു വിശ്വാസികളെക്കുറിച്ച് പൂർണ്ണമായി ഉദ്ദേശിച്ചത്, ജീവിതങ്ങളെ സ്പർശിക്കാനും, ദൈവസ്നേഹം പ്രകടിപ്പിക്കുവാനും, ദൈവത്തെ മഹത്വപ്പെടുത്തുവാനും പിതാവിന്റെ വേലകൾ ചെയ്യണം എന്നുമാണ്.

ആത്മാവിന്റെ ഒൻപതു വരങ്ങൾ (1 കൊരിന്ത്യർ 12:4–11) അഞ്ചുമടങ്ങ് ശുശ്രൂഷ ചെയ്യുന്നവർക്ക് മാത്രമല്ല, എല്ലാ വിശ്വാസികൾക്കും ഉള്ളതാണ്.

വിശുദ്ധന്മാരുടെ ചലനത്തിൽ, പിതാവിന്റെ വേലകൾ ചെയ്യുന്ന വിശ്വാസികൾ വർദ്ധിക്കുന്നതായും അടയാളങ്ങളിലൂടെയും, അത്ഭുതങ്ങളിലൂടെയും അതിശയങ്ങളിലൂടെയും ആത്മാവിന്റെ വരങ്ങൾ പ്രത്യക്ഷമാകുന്നതും നമുക്കു കാണുവാൻ കഴിയും. ഇത് ഒരു വിശ്വാസിയുടെ മാതൃക ആയിരിക്കും.

പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നവരും ആത്മാവിന്റെ വരങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നവരുമായ വിശ്വാസികൾ, അവർ ഒറ്റയായി അവശേഷിച്ചവരല്ല. ഒറ്റയായി അവശേഷിക്കുന്നത്, അടയാളങ്ങളും, അത്ഭുതങ്ങളും അതിശയങ്ങളും പ്രത്യക്ഷപ്പെടുത്താത്തവരാണ്.

## ചില വിശ്വാസികൾ അഞ്ചുമടങ്ങ് ശുശ്രൂഷയുടെ പ്രവർത്തനങ്ങളിൽ നടക്കുന്നവരായിരിക്കാം. എന്നാൽ ലോകത്തിലെ ചില പ്രവർത്തനങ്ങളും സ്ഥാനങ്ങളും വഹിക്കുന്നവരുമായിരിക്കും

ഇതിനായി തയ്യാറാവുക. അഞ്ചുമടങ്ങു ശുശ്രൂഷയുടെ പ്രവൃത്തികൾ ചെയ്യാൻ വിളിക്കപ്പെട്ട ഒരാൾ (അപ്പൊസ്തലനായും, പ്രവാചകനായും, സുവിശേഷകനായും, ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും) പൂർണ്ണസമയവും ശുശ്രൂഷ ചെയ്യണമെന്ന് തിരുവെഴുത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

പൗലോസ് ഒരു അപ്പൊസ്തലനായിരുന്നു. എന്നാൽ പൗലോസിന്റെ ജീവിതത്തിലെ കുറച്ചു ഭാഗം കൂടാരപ്പണി ചെയ്യുന്നതിൽ ബാദ്ധ്യതപ്പെട്ടിരുന്നു. എന്നാൽ, ഇത്, അഞ്ചുമടങ്ങ് ശുശ്രൂഷക്കുള്ള വിളിയിൽനിന്നും പൗലോസിനെ അയോഗ്യനാക്കിയില്ല.

വിശുദ്ധന്മാരുടെ ചലനത്തിൽ നമുക്കു കാണുവാൻ തുടങ്ങുന്നത് അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും ഉദയവും അഞ്ചുമടങ്ങു ശുശ്രൂഷക്കായി കൂട്ടിച്ചേർത്തവരെയും ആണ്. അവർ ചന്തസ്ഥലങ്ങളിലും, വ്യാപാരങ്ങളിലും, ഭരണകൂടത്തിലും, വിദ്യാഭ്യാസത്തിലും, ആഘോഷങ്ങളിലും, കൗശലങ്ങളിലും, മാധ്യമങ്ങളിലും വിനോദങ്ങളിലും സജീവമായി ബാദ്ധ്യതപ്പെട്ടവരുമാണ്.

## ഒറ്റയായ വിശ്വാസികളിലൂടെ ദൈവം പുറത്തേക്കു വിടുന്നതിന് ലിംഗഭേദമോ പ്രായമോ ഒരു തടസ്സമല്ല

“അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. എന്റെ ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും; അവരും പ്രവചിക്കും” (അപ്പൊ. പ്ര. 2:17–18).

പ്രായവ്യത്യാസമില്ലാതെയും ലിംഗഭേദവ്യത്യാസമില്ലാതെയും എല്ലാവരുടെയും മേൽ ആണ് ആത്മാവിനെ പകരുന്നത്. വിശുദ്ധന്മാരുടെ ചലനത്തിൽ ഇത് വലിയ അളവിൽ സംഭവിക്കുന്നത് നമുക്കു കാണാം. ചെറുപ്പക്കാർ, 13-19 വയസ്സുവരെ പ്രായമുള്ളവർ പ്രസംഗിക്കുകയും, പ്രവചിക്കുകയും ക്രിസ്തുവിന്റെ സ്വഭാവം പോലെ പ്രത്യക്ഷമാക്കുകയും അത്ഭുതങ്ങളും, അടയാളങ്ങളും, അതിശയങ്ങളും പ്രകടിപ്പിക്കുകയും ചെയ്യും. ഇത് പൊതുവായ ഒരു സംഭവം ആയിരിക്കും. പഠിക്കുവാൻ പഴയ തലമുറ വർഷങ്ങളോളം എടുത്തതുപോലെ അല്ല, പുതിയ തലമുറ വളരെ വേഗം പഠിക്കുന്നതായിരിക്കും. പഴയ തലമുറയുടെ അടിസ്ഥാനത്തിന്മേൽ അവർ പണിയും. ചെറിയവരും വലിയവരും പുരുഷന്മാരും സ്ത്രീകളും അവരുടെ ജീവിതത്തിലെ ദൈവവിളിയെ ആവേശത്തോടും ജ്ഞാനത്തോടും അത്യുത്സാഹത്തോടും പിൻതുടരും.

# 3

# അഞ്ചുമടങ്ങു ശുശ്രൂഷക്കാരുടെ വേല

വിശുദ്ധന്മാരുടെ ചലനത്തിന്റെ ആവിർഭാവം അഞ്ചുമടങ്ങ് ശുശ്രൂഷകന്മാരുടെ വേലയുടെ മാറ്റത്തിന് ഒരു കാരണമായിത്തീരും. അഞ്ചുമടങ്ങു ശുശ്രൂഷകന്മാർ എന്ന നിലക്ക് നമ്മളെ ഒരു പക്വത യുടെ സ്ഥാനത്ത് എത്തിക്കുകയും ആദ്യമായി ഏല്പിക്കപ്പെട്ട ചുമ തലക്ക് – ശുശ്രൂഷയുടെ വേലകൾക്കായി വിശുദ്ധന്മാരെ ഒരുക്കു വാനും അങ്ങനെ ക്രിസ്തുവിന്റെ ശരീരത്തിന് ആത്മീയോന്നതി വരുത്തുവാനും സാധിക്കും.

## അഞ്ചുമടങ്ങ് ശുശ്രൂഷക്കാരെന്ന നിലയിൽ നമ്മുടെ വേലകൾ

അഞ്ചുമടങ്ങ് ശുശ്രൂഷ ചെയ്യുന്നവരുടെ വേല, വിശ്വാസികൾക്കു താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ നൽകി കൊടുക്കണം എന്നു ള്ളത് നാം മനസ്സിലാക്കണം.

### വിശ്വാസികളെ പക്വതയുടെ ഒരു സ്ഥാനത്തേക്കു കൊണ്ടുവരണം – ക്രിസ്തുവിനെപ്പോലെ

നമ്മുടെ ശുശ്രൂഷയുടെ ഉദ്ദേശം ജനങ്ങളെ വിനോദിപ്പിക്കു ന്നതോ പഠിപ്പിക്കുന്നതോ അല്ല, എന്നാൽ ക്രിസ്തുവിനെപ്പോ ലെയുള്ള ഒരു പക്വതയിലേക്ക് അവരെ കൊണ്ടുവരണം എന്നു ള്ളതായിരിക്കണം – സ്വഭാവത്തിലും ശുശ്രൂഷയിലും.

യേശുക്രിസ്തുവിന്റെ സ്വരൂപത്തോടു നാമും അനുരൂപരായി ത്തീരണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ പ്പോലെ നാമും പൂർണ്ണഅളവിൽ വളരേണം – സകലത്തിലും യേശു വിനെപ്പോലെ ആകുവാൻ.

അപ്പൊസ്തലനായ പൗലോസിന്റെ ദൗത്യത്തിന്റെ സാക്ഷി മൊഴി ഇപ്രകാരമാണ്: “അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിനു

ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടുംകൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു." (കൊലൊസ്യർ 1:28–29). നമ്മളെ ഏല്പിക്കപ്പെട്ട ശുശ്രൂഷയുടെ ചുമതല ഇതിനോടു പൊരുത്തപ്പെട്ടതായിരിക്കണം, ക്രിസ്തുവിൽ ജനങ്ങളെ പക്വതയുള്ളവരായി കാഴ്ചവെക്കണം.

## വിശ്വാസികളെ ദൈവവചനത്തിൽ ഒരുക്കുക – സത്യവും യഥാസ്ഥാനപ്പെടുത്തിയ സത്യവും കൊടുക്കുക

എഫെസൊസിലെ സഭയിലെ മൂപ്പന്മാരോടുള്ള പ്രസ്താവനയുടെ ഒടുവിൽ പൗലോസ് പറഞ്ഞു: "നിങ്ങൾക്ക് ആത്മികവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു" (അപ്പൊ. പ്ര. 20:32). ദൈവത്തിന്റെ വചനത്തിന് ജനങ്ങളെ പണിയുവാൻ കഴിയും. ദൈവവചനം ചെറിയകുട്ടികളെ, അവകാശം ഭരമേല്പിക്കപ്പെടുവാനുള്ള മകനും മകളും ആയിത്തീരുന്ന പക്വതയിലേക്കു കൊണ്ടുവരുന്നു. അഞ്ചുമടങ്ങു ശുശ്രൂഷക്കാർ എന്ന നിലക്ക്, വിശ്വാസികളെ വചനത്തിൽ പണിത് അവരെ നാം അവകാശത്തിലേക്ക് കൊണ്ടുവരണം – ക്രിസ്തുവിന്റെ ശരീരത്തോട് യഥാസ്ഥാനപ്പെടുത്തിയ എല്ലാ സത്യത്തിലും.

നമുക്കു വ്യക്തിപരമായി ലഭിച്ച വെളിപ്പാടിലും കൂടുതലായി കൊടുക്കുവാൻ നമുക്കു കഴിയത്തില്ല. നമ്മൾ അനുഭവിക്കാത്ത സത്യവും നമുക്കു പകർന്നുകൊടുക്കുവാൻ കഴിയത്തില്ല. അഞ്ചുമടങ്ങു ശുശ്രൂഷക്കാരായ നമുക്കുള്ള വെല്ലുവിളി ഇപ്പോഴത്തെ സത്യത്തിൽ നാളിതുവരെ തികച്ചും ആധുനികമാക്കണമെന്നാണ്. കുരുടന് കുരുടനെ വഴി കാണിക്കുവാൻ കഴിയത്തില്ല (ലൂക്കോസ് 6:39). പുത്തനായ വെളിപ്പാടും ഉൾക്കാഴ്ചയും നമ്മൾ സ്വീകരിക്കുന്നില്ലെങ്കിൽ, ദൈവം ഭൂമിയിൽ ചെയ്തുകൊണ്ടിരിക്കുന്നത് നമുക്കു കാണാൻ സാധിക്കുന്നില്ലെങ്കിൽ, ഇപ്പോഴത്തെ ദൈവത്തിന്റെ ചലനത്തിൽ, ദൈവജനങ്ങളെ നയിക്കുവാൻ നമുക്കു സാധിക്കത്തില്ല.

**വിശ്വാസികളെ അവരുടെ വിളിയെപ്പറ്റിയും, സ്ഥലത്തെപ്പറ്റിയും, ക്രിസ്തുവിന്റെ ശരീരത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചും മന സ്സിലാക്കുന്നതിലേക്കു കൊണ്ടുവരിക.**

**എല്ലാ വിശ്വാസിയും ഒരു ശുശ്രൂഷക്കാരനാണെന്നുള്ള വെളിപ്പാട് അവരെ അറിയിക്കുക.**

എല്ലാ അംഗങ്ങളുടെയും പ്രവർത്തനം ഒരുപോലെയല്ല എന്ന കാര്യം സത്യമാണ്. എന്നാൽ എല്ലാ വിശ്വാസികൾക്കും ക്രിസ്തു വിന്റെ ശരീരത്തിലെ പ്രവർത്തനങ്ങളിൽ ഒരു പങ്കുണ്ട് എന്നുള്ളത് ഏറ്റവും അതിപ്രധാനമായി നാം മനസ്സിലാക്കണം (റോമർ 12:4). ഓരോ വിശ്വാസികളുടെയും അംഗത്വ പ്രവർത്തനത്തെക്കുറിച്ചു കണ്ടുപിടിച്ചു സഫലീകരിക്കുവാൻ അവരെ ഉത്സാഹപ്പെടുത്തണം. അഞ്ചുമടങ്ങു ശുശ്രൂഷക്കാരെന്ന നിലക്ക്, ഇത് നമ്മുടെ ചുമതല യാണ് എല്ലാ വിശ്വാസികളെയും ശരീരത്തിലുള്ള അവരുടെ ശുശ്രൂ ഷയെ കണ്ടുപിടിക്കുവാനും സഫലീകരിക്കുവാനും പ്രോത്സാഹി പ്പിക്കുക എന്നുള്ളത്.

**വിശ്വാസികളെ അമാനുഷമായതിൽ ഒരുക്കുക, ദൈവത്തിന്റെ ശക്തി പ്രത്യക്ഷപ്പെടുത്തുന്നതിനും, പിതാവിന്റെ വേലകൾ ചെയ്യുന്നതിനും**

എല്ലാ വിശ്വാസികളെക്കുറിച്ചും കർത്താവായ യേശു ഇച്ഛിക്കു ന്നത്, അവർ ദൈവത്തിന്റെ ശക്തി പ്രത്യക്ഷപ്പെടുത്തണമെന്നും പിതാവിന്റെ വേലകൾ ചെയ്യണം എന്നുമാണ് - അത്ഭുതങ്ങളും, സുഖപ്പെടുത്തലും, അടയാളങ്ങളും, അതിശയങ്ങളും (യോഹ ന്നാൻ 14:12; മർക്കോസ് 16:17-18).

പിമ്പിലുള്ള ആദിമസഭ, അത്ഭുതങ്ങളുടെയും, അടയാളങ്ങളു ടെയും, അതിശയങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ചുള്ള പിൻപാത ഒരുക്കി, ബുദ്ധിപ്രാധാന്യത്തെ ഉറപ്പിച്ചു പറഞ്ഞു, വലിയ സംഘടനകൾ സ്ഥാപിച്ചു, അതുപോലെ വേറെ കാര്യങ്ങളും, ഒരു പ്രാകൃതമനുഷ്യന് ചെയ്യുവാൻ സാധിക്കുമെന്ന്.

യേശു സഭക്കു കൊടുത്ത കല്പനയിലേക്കു നാം തിരിച്ചുവ രേണ്ടത് ആവശ്യമാണ് - യേശു ചെയ്ത പ്രവൃത്തികളും അതിലും വലിയ പ്രവൃത്തികളും ചെയ്യുവാനായിട്ട്.

പിതാവിന്റെ വേലകളെ ചെയ്യുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുക (അത്ഭുതങ്ങളും, അടയാളങ്ങളും, അതിശയങ്ങളും

- യേശു പറഞ്ഞു പഴയനിയമ പ്രവാചകന്മാരുടെ ഏറ്റവും വലിയ സാക്ഷ്യത്തെക്കാളും പിതാവിന്റെ പ്രവൃത്തികൾ വളരെയധികം സാക്ഷ്യം ഉള്ളവ ആണെന്ന് (യോഹന്നാൻ 5:36).
- യേശു, മശീഹ ആണെന്ന് യഥാർത്ഥമായി തെളിയിക്കുന്ന, യേശു പ്രസംഗിച്ച പ്രവാചക സന്ദേശത്തെക്കാളും വളരെയധികം പ്രാധാന്യമേറിയതാണ്, പിതാവിന്റെ പ്രവൃത്തികൾ (യോഹന്നാൻ 10:24,25,37,38).
- യേശു വാസ്തവമായും പിതാവിൽനിന്നാണെന്നു യഥാർത്ഥമായി തെളിയിക്കുവാൻ, ഫിലിപ്പോസ് ചെയ്യുന്ന വേലയെ യേശു ഒരിക്കൽക്കൂടി ചൂണ്ടിക്കാണിച്ചു (യോഹന്നാൻ 14:8–11).
- യോഹന്നാൻ സ്നാപകന് യേശുവിനെക്കുറിച്ച് സംശയമുണ്ടായപ്പോൾ, യേശു വാസ്തവമായും മശീഹ ആണെന്നുള്ളതിന്, യേശു ചെയ്തുകൊണ്ടിരുന്ന അത്ഭുതപ്രവൃത്തികളെ ഒരു തെളിവായി, യേശു യോഹന്നാൻ സ്നാപകന് ചൂണ്ടിക്കാണിച്ചുകൊടുത്തു (മത്തായി 11:1–5).

അഞ്ചുമടങ്ങ് ശുശ്രൂഷകന്മാർ എന്ന നിലക്ക്, നമ്മൾ നമ്മളെത്തന്നെ അമാനുഷരായി പ്രത്യക്ഷപ്പെടുത്തേണ്ടതിന്ന് സമ്മർദ്ദം ചെലുത്തേണ്ടതാവശ്യമാണ്. അത്ഭുതങ്ങളും, അടയാളങ്ങളും, അതിശയങ്ങളും പ്രത്യക്ഷപ്പെടുത്തേണ്ടതിന്ന് വിശുദ്ധന്മാരെയും നാം ഒരുക്കേണ്ടതാവശ്യമാണ്.

## സഭകളെ ശിശുപാലനസ്ഥലം എന്ന അവസ്ഥയിൽനിന്നും പരിണമിപ്പിക്കുക, ഒരുക്കുകയും അധികാരം കൊടുക്കുകയും ചെയ്യുന്ന കേന്ദ്രസ്ഥാനം ആയിത്തീരുവാൻ

നമ്മുടെ അനേകം സഭകളും ഞായറാഴ്ച രാവിലത്തെ ശിശുപാലനസ്ഥലങ്ങളാണ്, അവിടെ നമ്മൾ വിശ്വാസികളെ അതിലാളനയാൽ വഷളാക്കുന്നു, അവരെ ആത്മാവിൽ പണിതുയർത്താതെയും ക്രൂശിന്റെ ശക്തിയേറിയ പടയാളികൾ ആക്കിത്തീർക്കാതെയും ഇരിക്കുന്നു. ഇത് വളരെയധികം ദുഃഖകരമാണ്. എന്നാൽ സത്യം ആണ്. നമ്മുടെ പ്രാദേശികസഭകൾ എല്ലാം പരിണമിക്കപ്പെട്ടു, ദൈവനിയോഗപ്രകാരം സഭയിലും ലോകത്തിലും ഉള്ള ശുശ്രൂഷകൾക്കു വിശ്വാസികളെ ഒരുക്കി പുറത്തേക്ക് വിടുന്ന ഒരു സ്ഥലമായിത്തീരണം.

വിശ്വാസികളെ ഒരുക്കുവാനായി എല്ലാ പ്രാദേശികസഭകളിലും ഒരു പദ്ധതിയുടെയും നടപടിക്രമത്തിന്റെയും സ്ഥലം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

## ആത്മാവിന്റെ പുതിയ പരിണാമത്തിലേക്കു വിശ്വാസികളെ ചലിപ്പിക്കുക.

യേശു ഭൂമിയിൽ നടന്നപ്പോൾ അളവില്ലാതെ ആത്മാവ് യേശുവിൻമേൽ ഉണ്ടായിരുന്നു (യോഹന്നാൻ 3:34).

നമ്മൾ ഇതുവരെ അനുഭവിച്ചതിലും, ആത്മാവിന്റെ അളവ് വളരെ കൂടുതലായിട്ടുണ്ട്.

നമ്മൾ ഇപ്പോൾ ആയിരിക്കുന്നതിനേക്കാളും ആത്മാവിന്റെ ആഴത്തിലേക്കും, അധികമായും പോകേണ്ടത് ആവശ്യമാണ്.

ദൈവരാജ്യം ഭൂമിയിൽ വ്യാപ്തിപ്പെടുന്നത് ആത്മാവിന്റെ ശക്തിയിലാണ് (സെഖര്യാവു 4:6; മത്തായി 12:28).

വിശ്വാസികൾക്ക് ചന്തസ്ഥലത്തേക്കും ലോകത്തിലേക്കും ഉള്ള വിളിക്ക് ആത്മാവിന്റെ അഭിഷേകവും പരിണാമവും ആവശ്യം ആണ്-ഇവ പ്രാപിക്കുവാൻ അഞ്ചുമടങ്ങ് ശുശ്രൂഷക്കാരായ നമ്മൾ അവരെ സഹായിക്കേണ്ടത് ആവശ്യമാണ് (യെശയ്യാവു 11:1-2).

## ഘടനയും ഭരണകൂടവും ഉണ്ടാക്കിക്കൊടുക്കുന്നത്

വിശുദ്ധന്മാരുടെ ചലനത്തിൽ ഏറ്റവും അതിപ്രധാനമായതു ചെയ്യുവാൻ, അഞ്ചുമടങ്ങു ശുശ്രൂഷ പുറത്തേക്കു വിടും, അതായത് വിശുദ്ധന്മാരെ ശുശ്രൂഷക്ക് ഒരുക്കുന്നതിനായി ഇത് ഏറ്റവും

ഉന്നതമായും നല്ല വിധത്തിലും ആചരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് തുടർന്നുകൊണ്ടിരിക്കണം. അഞ്ചുമടങ്ങ് ശുശ്രൂഷയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ജനങ്ങളെ ആവശ്യമുണ്ട്. അപ്പൊസ്തലികനായകത്വവും പ്രമാദവും, പ്രവാചക ഉൾക്കാഴ്ചയും വഴി കാട്ടുന്നതും, പുരോഹിതന്മാരുടെ കരുതലും നന്നാക്കലും, ഉപദേശകന്മാരുടെ അടിസ്ഥാനവും ഉറപ്പിക്കലും സുവിശേഷകന്മാരുടെ, ശേഖരിക്കുന്നതും ഉത്സാഹിപ്പിക്കുന്നതും തുടർച്ചയായി ആവശ്യമാണ്.

## അപ്പൊസ്തലന്മാർ

അപ്പൊസ്തലന്മാരെ വിളിച്ചിരിക്കുന്ന വേലയുടെ പ്രാഥമിക രേഖാരൂപം അവർ സ്വർഗ്ഗത്തിൽനിന്നു സ്വീകരിക്കണം – അടിസ്ഥാനം ഇടുവാൻ, പദ്ധതി സ്ഥാപിക്കുവാനും ഘടന നിർമ്മിക്കുവാനും – സ്വർഗ്ഗത്തിലെ മാതൃകപ്രകാരം. നിശ്ചയപ്രകാരമുള്ള ശുശ്രൂഷ്ക്കു ദൈവം തന്ന പ്രകാരമുള്ള പ്രാഥമിക രേഖാരൂപം അപ്പൊസ്തലന്മാർ തയ്യാറാക്കണം. സുവിശേഷം വ്യാപിപ്പിക്കുന്നതിന്, സമൂഹത്തിന്റെയും ഭൂമിശാസ്ത്രപരമായിട്ടുള്ളതിന്റെയും, നിശ്ചയപ്രകാരമുള്ള ചില പ്രദേശങ്ങൾ തുറക്കുന്നതിന് ചില അപ്പൊസ്തലന്മാർക്കു താക്കോൽ ഉണ്ടായിരിക്കും. ചില അപ്പൊസ്തലന്മാർക്കു അവരുടെ നഗരത്തിന്റെയും പ്രദേശങ്ങളുടെയും രൂപാന്തരീകരണത്തിനായി ദൈവത്തിൽനിന്നും ദർശനവും മാർഗ്ഗദർശനവും ലഭിക്കും.

## പ്രവാചകന്മാർ

പ്രവാചകന്മാർ വെളിപ്പെടുകയും അവരുടെ പ്രവചനത്തിലൂടെ മരിച്ച ദർശനങ്ങളെ പുനർജീവിപ്പിക്കുകയും, 'ഇപ്പോൾ' വേണ്ട വചനം ദൈവത്തിൽനിന്നു കൊണ്ടുവരികയും അപ്പൊസ്തലന്മാർ പുറത്തേക്കുവിട്ട ദർശനങ്ങളെയും തന്ത്രവൈദഗ്ധ്യങ്ങളെയും അനുഷ്ഠിക്കുവാൻ ശക്തി നൽകുകയും ചെയ്യും (എസ്രാ. 4:24, 5:1, 2).

## ഉപദേഷ്ടാക്കന്മാർ

വിശുദ്ധന്മാർക്ക് അടിസ്ഥാനമിടുന്നതും, പണിയുന്നതും പക്വത വരുത്തുന്നതും ഒരുക്കുന്നതുമായ ശക്തിയേറിയ അഭിഷേകം ചെയ്യപ്പെട്ട ഉപദേഷ്ടാക്കന്മാരുടെ ശുശ്രൂഷ തുടർന്നും നമുക്ക് ആവശ്യമാണ്.

## ഇടയന്മാർ

ദൈവത്തിന്റെ സ്വന്തഹൃദയം കഴിഞ്ഞാൽ നമുക്ക് ഇടയന്മാരെ കാണാൻ കഴിയും (യിരെമ്യാവു 3:15), അവർ ദൈവത്തിന്റെ ഭവനത്തിൽ വിശുദ്ധന്മാരെ പരിപോഷിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യും – ദൈവത്തിന്റെ പിതൃത്വത്തെ ആഴമായി മനസ്സിലാക്കിച്ചും ദൈവത്തിന്റെ ഭവനത്തിനായുള്ള ശക്തിമത്തായ വികാരത്തോടും കൂടെ.

## സുവിശേഷകന്മാർ

അഭിഷിക്തരായ സുവിശേഷകന്മാർ വെളിപ്പെടും – അവർ കൊയ്ത്തിനു വേണ്ടി ശേഖരിക്കുകയും അതുപോലെ ചെയ്യുവാനായി വിശ്വാസികളെ ഒരുക്കുകയും ചെയ്യും.

തീർച്ചയായും ഒരു സ്ഥലത്തുള്ള ദൈവത്തിന്റെ ഭവനം അവിടുത്തെ പ്രാദേശികസഭയായിത്തന്നെ തുടരും (1 തിമൊഥെയൊസ് 3:15). ഓരോ വിശ്വാസിയും (വിശുദ്ധനും) ഒരു പ്രാദേശികസഭയിലെ പ്രതിജ്ഞാബദ്ധമായവരും ചുമതലപ്പെട്ടവരുമായ അംഗമായിരിക്കണം. ഒരു പ്രാദേശിക ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം പോലെ, ക്രിസ്തുവിന്റെ ആത്മികശരീരത്തിൽ, അവരുടെ അംഗത്വം സഫലീകരിക്കണം. പ്രാദേശികസഭയിൽ അവർ കൊടുത്തു കൊണ്ടിരിക്കുന്ന ദശാംശവും സ്തോത്രകാഴ്ചയും തുടർന്നുകൊണ്ടിരിക്കണം. ദൈവത്തിന്റെ ജനങ്ങളുടെയിടയിൽ ദൈവത്തിന്റെ നിയമം എപ്പോഴും ഉണ്ടായിരിക്കണം (1 കൊരിന്ത്യർ 14:33, 40). അവരുടെ സ്വന്തദർശനപ്രകാരവും സ്വപ്നത്തിൻ പ്രകാരവും അവരുടെ കണ്ണിനു മുമ്പിൽ ശരിയായി തോന്നിക്കുന്ന കാര്യങ്ങൾ ചെയ്യുവാനും ഉള്ള നിയമമില്ലാത്ത ഒരു സമൂഹമായി വിശുദ്ധന്മാർ ആയിത്തീരുകയില്ല (ന്യായാധിപന്മാർ 17:6; 21:25).

യോവേലിന്റെ സൈന്യത്തെപ്പോലെ വിശുദ്ധന്മാരെ പഠിപ്പിക്കേണ്ടത് ആവശ്യമാണ്, – രൂപദായകമായി അണിയണിയായി നടക്കുവാനും, പാത വിട്ടുമാറാതെയിരിക്കുവാനും, തള്ളിക്കയറാതെയും അവരുടെ സൈന്യഭാഗത്തുതന്നെ അണിയണിയായി നടക്കുവാനും (യൊവേൽ 2:7–8).

## ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നത്

വിശുദ്ധന്മാരുടെ ചലനത്തിനുള്ള സജ്ജീകരണത്തിനായി അഞ്ചുമടങ്ങ് ശുശ്രൂഷകൾക്കു ക്രമീകരണങ്ങളുണ്ട്.

## വിശ്വാസിയുടെ സ്ഥലത്തിനും ശരീരത്തിലെ പ്രവർത്തനങ്ങൾക്കും നമ്മുടെ അവബോധത്തിൽ ഒരു മാറ്റം വരണം

അഞ്ചുമടങ്ങ് ശുശ്രൂഷകന്മാർ മാത്രമാണ് ശുശ്രൂഷ ചെയ്യേണ്ടതെന്നു നാം ചിന്തിക്കുന്നതു നിർത്തണം. എല്ലാ വിശ്വാസികളെയും ഒരു ശുശ്രൂഷകനായി കാണാൻ തുടങ്ങണം.

## വിശ്വാസികളെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായത്തിന് മാറ്റം വരണം

സഹതാപമുള്ള അരക്ഷിതത്വവും അപകർഷതയും ദൈവജനത്തെ നിയന്ത്രിക്കുവാനും ഭരിക്കുവാനുമുള്ള നമ്മുടെ ആഗ്രഹത്തെയും നാം ഉപേക്ഷിക്കണം. ശക്തരായ നായകന്മാരായി, ജനങ്ങൾക്കു മാതൃക ആയിരിക്കുവാൻ നാം എഴുന്നേൽക്കണം.

## നമ്മളോടു കൂടെ ശുശ്രൂഷ ചെയ്യുവാൻ വിശ്വാസികൾക്കു വേണ്ടത്ര സ്ഥലവും തക്ക അവസരവും സൃഷ്ടിക്കൽ

സുവിശേഷത്തിൽ, ചെറുപ്പക്കാരനായ തിമൊഥെയൊസിനെ പൗലോസിനോടു കൂടെ ശുശ്രൂഷ ചെയ്യുവാൻ അനുവദിച്ചതു പോലെ നമ്മളോടുകൂടെ വന്നു ശുശ്രൂഷ ചെയ്യുവാൻ വിശ്വാസികളെ നാം അനുവദിക്കണം (ഫിലിപ്പിയർ 2:19–22).

## നമ്മുടെ പ്രാദേശിക സഭകളിൽ ഗണം ആയുള്ള ശുശ്രൂഷ സ്ഥാപിക്കണം

നമ്മുടെ പ്രാദേശിക സഭകളിൽ “ഒരു മനുഷ്യൻ എല്ലാം ചെയ്യുന്നു” എന്നുള്ള നായകത്വരീതിയിൽ നിന്നും ഗണങ്ങളുടെ ശുശ്രൂഷയിലേക്കു നീങ്ങണം. ഇങ്ങനെയുള്ള ശുശ്രൂഷാഗണങ്ങൾ അഞ്ചുമടങ്ങ് ശുശ്രൂഷക്കാർ ഉൾക്കൊള്ളപ്പെട്ടതായിരിക്കണം.

അവർ പൂർണ്ണസമയവും ശുശ്രൂഷക്കാർ ആയിരിക്കാം. അല്ലെങ്കിൽ, അവരുടെ ആദ്യത്തെ ജോലി ചന്തസ്ഥലത്തുള്ള ശുശ്രൂഷ ആയിരിക്കാം.

## ജ്ഞാനത്തോടും വിവേകത്തോടും വഴികാണിക്കുക, കാക്കുക, നയിക്കുക.

വിശ്വാസികളെ അവരുടെ ശുശ്രൂഷക്കു ഒരുക്കി പുറത്തേക്കു വിടാൻ നാം പ്രോത്സാഹിപ്പിക്കുമ്പോൾ, ദൈവം നിയോഗിച്ച നായകന്മാർ എന്ന നമ്മുടെ ചുമതലകളുടെ പദവി നാം ഉപേക്ഷിക്കരുത്. ജ്ഞാനത്തോടും വിവേകത്തോടും വഴി കാണിക്കുന്നതും കാക്കുന്നതും നയിക്കുന്നതും നാം തുടർന്നുകൊണ്ടിരിക്കണം.

വിശ്വാസികൾ ശുശ്രൂഷിക്കാൻ പഠിക്കുമ്പോൾ അവരുടെ ജീവിതത്തിൽ പക്വതയും സ്ഥിരതയും ഉണ്ടാകത്തക്കവണ്ണം വേണം അവരെ നയിക്കുവാൻ.

## ശുശ്രൂഷക്കുള്ള പുതിയ വഴികളുമായി പൊരുത്തപ്പെടുക

ശുശ്രൂഷകളിലും പ്രവർത്തനങ്ങളിലും പ്രകടവ്യത്യാസങ്ങൾ ഉണ്ട് - ദൈവത്തിന്റെ ജനങ്ങളിലൂടെ, ദൈവം പുറത്തേക്കുവിടുന്ന ദൈവത്തിന്റെ വേല, ചെയ്യുന്ന വഴികൾ (1 കൊരിന്ത്യർ 12:5-6). ദൈവത്തിന്റെ വേല ചെയ്യുന്ന വഴികൾക്കു, നമുക്കു ദൈവത്തിന് ഒരു അതിരുണ്ടാക്കുവാൻ കഴിയത്തില്ല. ദൈവം തന്റെ വിശുദ്ധന്മാരിലൂടെ പുതിയതും അപ്പോൾത്തന്നെ കൊണ്ടുവന്നതുമായ വഴികളെ ശുശ്രൂഷക്കായി പുറത്തേക്കുവിടും-പുതിയ ആശയങ്ങളെ പ്രചോദിപ്പിച്ചും, നഷ്ടപ്പെട്ടവരുടെയടുക്കലേക്ക് എത്തിച്ചേരാനുമുള്ള പ്രവേശപദം അങ്ങനെ മറ്റും മറ്റും. നമ്മുടെ പതിവായ ശുശ്രൂഷയിൽനിന്നും ഇതു വളരെ വ്യത്യസ്ഥമായേക്കാം. ഇതിനെ സ്വാഗതം ചെയ്യുവാൻ നാം പഠിക്കണം, ദൈവം തന്റെ വിശുദ്ധന്മാരിലൂടെ പുറത്തേക്കുവിടുന്നതിന് നമ്മൾ ഇടറുന്ന ഒരു കുറ്റിയായിത്തീരരുത്.

# 4

# രൂപാന്തരം വരുത്തുന്നത്

വിശുദ്ധന്മാരുടെ ചലനം - ദൈവത്തിന്റെ ചലനം ദൈവത്തിന്റെ മക്കളെ ശുശ്രൂഷയുടെ വേല ചെയ്യുന്നതിനായി ഒരുക്കുന്നത് നമ്മുടെമേൽ ആണ്. അഞ്ചുമടങ്ങ് ശുശ്രൂഷക്കാർ എന്ന നിലക്ക് ദൈവത്തിന്റെ ഈ ചലനത്തിലേക്ക് നമുക്കു രൂപാന്തരം വരുത്തണം. ദൈവത്തിന്റെ ഉദ്ദേശങ്ങൾക്കും ഇപ്പോഴത്തെ ദൈവത്തിന്റെ ചലനത്തിനും വേണ്ടി പ്രവേശിക്കുന്നതിന് നമ്മുടെ പാരമ്പര്യമോ അരക്ഷിതാവസ്ഥയോ നമ്മളെ തടഞ്ഞു നിർത്തുവാൻ നാം അനുവദിക്കരുത്. അഞ്ചുമടങ്ങ് ശുശ്രൂഷക്കാർ തങ്ങൾക്കു രൂപാന്തരം വരുത്തുവാൻ തോൽക്കുന്നു എങ്കിൽ ദൈവസാന്നിദ്ധ്യത്തിന്റെ "മേഘവും തീയും" ചലിച്ചുകൊണ്ടിരിക്കുമ്പോൾ അവർ പുറകിലേക്കു കൈവിടപ്പെട്ടുപോകും.

## നമ്മെ അശക്തരാക്കുന്ന പാരമ്പര്യങ്ങളിൽനിന്നു മോചനം നേടുന്നത്

തങ്ങളുടെ പാരമ്പര്യങ്ങളെ മുറുകെ പിടിച്ചിരുന്നവരും ദൈവത്തിന്റെ കല്പനകൾ ലംഘിച്ചവരുമായ പരീശന്മാരോടും ശാസ്ത്രിമാരോടും യേശു ദയവോടെയല്ല സംസാരിച്ചത് (മത്തായി 15:1–9). അവർ മനുഷ്യനിർമ്മിതമായ പാരമ്പര്യത്തിന്റെ ആഴത്തിലായിരുന്നു. ദൈവവചനം പഠിപ്പിക്കുന്നതിനു പകരം അവർ തങ്ങളുടെ പാരമ്പര്യങ്ങളെയാണ് പഠിപ്പിച്ചിരുന്നത്. നമ്മെ അശക്തരാക്കിയ പാരമ്പര്യങ്ങളിൽനിന്നും നമുക്കു മോചനം നേടാം.

➢ നമ്മളിൽ ചിലർക്ക്, ഇപ്പോഴത്തെ അപ്പൊസ്തലന്മാരിലും പ്രവാചകന്മാരിലും നമ്മുടെ മതപരമായ പാരമ്പര്യത്തിന് യാതൊരു സ്ഥാനവുമില്ല (സുവിശേഷകന്മാരെയും ഇടയന്മാരെയും ഉപദേഷ്ടാക്കന്മാരെയും മാത്രമാണ് നാം സ്വീകരിക്കുന്നത്). അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും ശുശ്രൂഷയെ ദൈവം യഥാസ്ഥാനപ്പെടുത്തി എന്നുള്ളത് നാം മന

സ്സിലാക്കണം. വിശുദ്ധന്മാരെ ഒരുക്കുന്നതിനായി ഇവ ആവശ്യമാണ്.

- നമ്മളിൽ ചിലർക്ക് ഇന്നും ആ പഴയ "ക്രൈസ്തവപുരോഹിതഗണം" എന്നും "അൽമേനികൾ" എന്നും ഉള്ള മനോഭാവം ഉണ്ട്. എല്ലാ വിശ്വാസിയും ഒരു ശുശ്രൂഷക്കാരനാണെന്നുള്ളത് നാം മനസ്സിലാക്കണം.
- നമ്മളിൽ ചിലർ, ഇന്നും ''ആത്മീയതക്കും'' ''മതേതരത്വത്തിനും" ഒരു വിഭജനം കാണുന്നുണ്ട്. ദൈവകല്പിതമായ എല്ലാ പ്രവൃത്തികളും ശുശ്രൂഷയാണ്. അത് സഭയുടെ കെട്ടിടത്തിനുള്ളിൽ നടക്കുന്നതായാലും ലോകത്തിൽ നടക്കുന്നതായാലും (സംഘടിതമായ ഓഫീസ്, വിദ്യാഭ്യാസസ്ഥാപനങ്ങൾ, കായികാഭ്യാസസ്ഥലങ്ങൾ മുതലായവ).
- നമ്മുടെ സഭയുടെയോ ശുശ്രൂഷയുടെയോ ഘടനക്കും ചട്ടത്തിനും മാറ്റം വരുത്തുവാൻ മനസ്സില്ലാത്തവരാണ് നമ്മളിൽ ചിലർ. പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ മാത്രമേ പകരുകയുള്ളൂ (മത്തായി 9:17). ഇപ്പോഴത്തെ ആത്മാവിന്റെ ചൊരിയൽ (പുതുവീഞ്ഞ്) സഭയുടെ പുതിയ ഘടനക്കും ഭരണകൂടത്തിനും ആവശ്യമാണ് (പുതിയ വീഞ്ഞുതുരുത്തി). നമ്മുടെ സഭയുടെയും ശുശ്രൂഷയുടെയും ഘടനയിൽ അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും സുവിശേഷകന്മാരുടെയും ഇടയന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും ശുശ്രൂഷയുടെ പ്രവർത്തനങ്ങളിൽ യാതൊരു സ്ഥലവും ഇല്ല. നമ്മുടെ സഭയുടെ ഘടനയാൽ, ക്രിസ്തു സഭയിൽ സ്ഥാപിച്ച ശുശ്രൂഷയുടെ പ്രവർത്തനങ്ങളെ നാം ഉപേക്ഷിച്ചിരിക്കുന്നു - അതുകൊണ്ട് തീർച്ചയായും വിശുദ്ധന്മാരെ ശുശ്രൂഷയുടെ വേലക്കുവേണ്ടി ഒരുക്കുന്നതിന് നമുക്ക് ഒരു വഴിയും ഇല്ല. ഒന്നുകിൽ നാം നമ്മുടെ സഭയുടെ ഘടനക്കും ചട്ടത്തിനും മാറ്റം വരുത്തണം, അല്ലെങ്കിൽ നമ്മൾ ആത്മാവിന്റെ വീഞ്ഞില്ലാത്ത തുരുത്തികൾ ആയിത്തീരും.
- നമ്മളിൽ ചിലർ, നിസ്സംശയമായ ചില രീതികളാലും പ്രവർത്തനസമ്പ്രദായങ്ങളാലും ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ദൈവം തന്നതായ വാസ്തവമായിട്ടുള്ള സംവിധാനവും യുദ്ധകൗശ

ലവും നമ്മൾ ഉപയോഗിക്കുന്നു എങ്കിലും അവ ഒരു പ്രത്യേക കാലയളവിലേക്കു മാത്രം ഉള്ളതായിരുന്നു. ദൈവം എന്താണ് ചെയ്യുന്നത് അതിലേക്കു നാം നീങ്ങിയില്ല. ഇന്നലെ പ്രവർത്തിച്ചത്, ഇന്നു പ്രവർത്തിക്കണമെന്നുള്ളത് തീർച്ചയായും ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തോടുകൂടെ ചുവടുവച്ചു വസിക്കുക. ഉദാഹരണങ്ങൾ

- താമ്രസർപ്പം (സംഖ്യാപുസ്തകം 21:8–9, 2 രാജാക്കന്മാർ 18:4)
- മോശെയും പാറയിൽനിന്നു വെള്ളവും (പുറ. 17:6, സംഖ്യാപുസ്തകം 20:8)
- യോഹന്നാൻ സ്നാപകൻ (യോഹന്നാൻ 1:35–37)
- അപ്പൊല്ലൊസ് (അപ്പൊ. പ്ര. 18:24–26)
- എഫെസൊസിൽ യോഹന്നാൻ സ്നാപകനെ പിൻതുടർന്നവർ (അപ്പൊ. പ്ര. 19:1–6)

## അരക്ഷിതാവസ്ഥയെ പൊട്ടിച്ചു സ്വതന്ത്രരാകുന്നത്

നമ്മുടെ അരക്ഷിതാവസ്ഥയെ നമ്മൾ നേരിട്ട് അതിൽനിന്നും വിടുതൽ പ്രാപിക്കുക

ദൈവജനങ്ങൾക്കു പിതാവും മാതാവും ആയിത്തീരാൻ നമ്മൾ എഴുന്നേൽക്കേണ്ടത് ആവശ്യമാണ്.

പൗലോസിനെപ്പോലെ നമ്മുടെ “തിമൊഥെയൊസ്മാരെ” നമ്മൾ പോഷിപ്പിക്കേണ്ടവരായിത്തീരണം. നമ്മുടെകൂടെ പ്രവർത്തിക്കുന്ന ഒരു സ്ഥാനത്തേക്കു അവരെ കൊണ്ടുവരണം (റോമർ 16:21). നമ്മൾ ചെയ്യുന്നതുപോലെ ശുശ്രൂഷയുടെ എല്ലാ വേലയും ചെയ്യുവാൻ അവർ പ്രാപ്തിയുള്ളവരായിത്തീരണം (1 കൊരിന്ത്യർ 16:10).

## അപ്പൊസ്തലികത്വത്തിനും പ്രവചനത്തിനും തുറക്കപ്പെടുന്നത്

യഥാർത്ഥ അപ്പൊസ്തലിക ശുശ്രൂഷയോടും പ്രവാചക ശുശ്രൂഷയോടുമുള്ള നമ്മുടെ മനഃസ്ഥിതിക്കു നാം മാറ്റം വരുത്തണം.

നമ്മുടെ വ്യക്തിപരമായ നിലയിലും സഭയുടെ ശുശ്രൂഷയുടെ നിലയിലും, ദൈവം സഭയിൽ ഏല്പിച്ചിരിക്കുന്ന അഞ്ചുമടങ്ങു ശുശ്രൂഷക്കായി നമ്മൾ തുറക്കപ്പെടണം.

ദൈവമാണ് സഭയിൽ അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും ആക്കി വെച്ചിരിക്കുന്നത് (1 കൊരിന്ത്യർ 12:28). ദൈവം സഭയിൽ ആക്കിവെച്ചിരിക്കുന്നതിനെ എടുത്തുകളയുവാൻ നമുക്കു യാതൊരു അധികാരവും ഇല്ല.

നമുക്കു മുമ്പായി പോയവരിൽനിന്നും വേണം നാം പഠിക്കുവാൻ. അവർ ആത്മാവിന്റെ കാര്യങ്ങളാലും വെളിപാടിന്റെ പരിണാമത്തിലും എത്തിയവരാണ്. ഇവ എല്ലാം എഴുതപ്പെട്ട തിരുവെഴുത്തിനോട് പരസ്പരവിരുദ്ധമായിരിക്കുന്ന പഠിപ്പിക്കലും അനുഭവങ്ങളുമല്ല. എന്നാൽ ദൈവം തന്റെ ജനത്തിനുവേണ്ടി നേരത്തേ തന്നേ ഉദ്ദേശിച്ചിരുന്നതിനെ യഥാസ്ഥാനപ്പെടുത്തുകയും ഉറപ്പിക്കുകയുമാണ് ചെയ്യുന്നത്.

അപ്പൊസ്തലിക ശുശ്രൂഷയും പ്രവാചകശുശ്രൂഷയും ചെയ്യുന്നവരോട് നമ്മൾ വെളിപ്പാടും പകർന്നുകൊടുക്കലും സ്വീകരിക്കണം.

അപ്പൊസ്തലിക ശുശ്രൂഷക്കും പ്രവാചകശുശ്രൂഷക്കും നമ്മുടെ ജീവിതം നാം തുറക്കുമ്പോൾ, നമ്മളിൽ ചിലർക്ക് ഇത് ഒരു വലിയ വലിച്ചുനീട്ടൽ ആകുമെന്നുള്ളത് സത്യമാണ്. ദൈവത്തിലും ദൈവത്തിന്റെ ആത്മാവിലും, നമ്മൾ ഒരിക്കലും പോയിട്ടില്ലാത്തതിനും അപ്പുറത്തേക്കു പോകുവാൻ നമ്മൾ വെല്ലുവിളിക്കപ്പെടും. നമ്മുടെ ആത്മീയ കണ്ണുകൊണ്ട്, ദൈവത്തിന്റെ വചനത്തിലെ മറഞ്ഞിരിക്കുന്ന മർമ്മങ്ങളെ കാണുവാൻ സാധിക്കാതിരുന്നത്, പെട്ടെന്ന് ജീവനോടെ നമുക്ക് ലഭിക്കും (എഫെസ്യർ 3:5). അപ്പൊസ്തലിക ശുശ്രൂഷയുടെയും പ്രവാചക ശുശ്രൂഷയുടെയും സവിശേഷത, ആത്മീയ മർമ്മങ്ങൾക്കായി കണ്ണുകൾ തുറക്കപ്പെടും എന്നുള്ളതാണ്.

അപ്പൊസ്തലികത്വത്തിനും പ്രവാചകത്വത്തിനുമായി നമ്മൾ തുറക്കപ്പെടുമ്പോൾ, നമ്മളിൽ അനേകർക്കും ഉള്ള വെല്ലുവിളിയുടെ വേറൊരു പ്രദേശം, നമ്മുടെ അടിസ്ഥാനം വീണ്ടും ഇടും എന്നുള്ളതാണ്. പ്രാദേശികസഭകളെപ്പറ്റിയും മറ്റുമുള്ളു ശുശ്രൂഷ

ക്കുവേണ്ടിയുള്ള ദൈവശാസ്ത്രപരമായ അടിസ്ഥാനം ശരിയാണെന്നു നാം ചിന്തിച്ചിരിക്കാം. എന്നാൽ ഇവയെല്ലാം മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടതാണെന്നു നാം ഗ്രഹിക്കുവാൻ തുടങ്ങും - തടി, വയ്ക്കോൽ, പുൽത്തണ്ട്. അപ്പൊസ്തലികത്വവും പ്രവാചകത്വവും, ദൈവഹിതപ്രകാരവും ദൈവവചനത്തോട് പൊരുത്തപ്പെട്ടതുമായ ചില പ്രദേശങ്ങളിൽ നമ്മുടെ അടിസ്ഥാനം വീണ്ടും ഇടുന്നതിന് കാരണമായിത്തീരും (1 കൊരിന്ത്യർ 3:10; എഫെസ്യർ 2:20–21). അതിന്മേൽ നമുക്കു പണിയുവാൻ കഴിയും. അതിന്റെ ഫലമായി, നമ്മുടെ ജീവിതവും ശുശ്രൂഷയും ഒരു പുതിയ നോട്ടത്തിലേക്കാകും - ഉന്മേഷം പകരുന്ന നോട്ടം - അത് സത്യമായും മനുഷ്യനെക്കുറിച്ചുള്ളതല്ല, എന്നാൽ നമ്മുടെ കർത്താവിനെയും രാജാവിനെയും വർണ്ണിക്കുന്നതും വെളിപ്പെടുത്തുന്നതുമായിരിക്കും.

**വിശുദ്ധന്മാരെ ഒരുക്കുന്നതിനുള്ള പ്രവർത്തനീയമായ താക്കോൽ വിശ്വാസികൾക്ക് കട്ടിയായ ആഹാരം കൊടുക്കുക**

നമ്മുടെ പ്രസംഗപീഠത്തിൽനിന്നും പാലും നേർമ്മയാക്കിയ മറ്റു സന്ദേശങ്ങളുമാണ് നാം കൊടുക്കുന്നതെങ്കിൽ, വിശുദ്ധന്മാരെ ശുശ്രൂഷക്ക് ഒരുക്കുവാൻ സാധിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കുവാൻ സാധിക്കത്തില്ല. ഒരു വിശ്വാസിയെ എല്ലാ നല്ല വേലക്കും വേണ്ടി തികഞ്ഞവനായി ഒരുക്കുന്നതിന് ദൈവത്തിന്റെ മുഴുവൻ ഉപദേശത്തിനും മാത്രമേ കഴികയുള്ളൂ (2 തിമൊഥെയൊസ് 3:16).

കുഞ്ഞുങ്ങൾക്കു ദൈവവചനത്തിലെ പാൽ ആണ് ആവശ്യമെന്ന് ഞാൻ മനസ്സിലാക്കുന്നു (1 പത്രോസ് 2:2). ദൈവവചനത്തിലെ കട്ടിയായ ആഹാരം സ്വീകരിക്കുന്നതിന് കുഞ്ഞുങ്ങൾ പെട്ടെന്നു വളരുവാൻ നാം അവരെ പ്രോത്സാഹിപ്പിക്കണം (എബ്രായർ 5:12–14).

ദൈവത്തിന്റെ മുഴുവൻ ഉപദേശങ്ങളെയും നാം ഘോഷിക്കണം. ആത്മാവിന്റെ കാര്യങ്ങളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യണം. പരിശുദ്ധാത്മാവിന്റെ വരങ്ങളെ പ്രോത്സാഹിപ്പിക്കുക, അടയാളങ്ങളും, അത്ഭുതങ്ങളും, അതിശയങ്ങളും. ക്രിസ്തുവിന്റേതുപോലെയുള്ള സ്വഭാവഗുണവും പക്വതയും അഭിവൃദ്ധിപ്പെടുത്തണമെന്ന് നമ്മൾ ഉറപ്പിച്ചുപറയണം.

## വിശ്വാസികളുടെ വിളിയെ തിരിച്ചറിയുന്നതിന് അവരെ സഹായിക്കുക

വിശ്വാസികളുടെ വിളിയെയും ക്രിസ്തുവിന്റെ ശരീരത്തിൽ ഉള്ള അവരുടെ പ്രവർത്തനങ്ങളെയും സ്ഥലത്തെയും തിരിച്ചറിയേണ്ട തിന് നമ്മൾ വിശ്വാസികളെ സഹായിക്കണം. അതുപോലെതന്നെ പ്രാദേശികസഭയിലും ലോകത്തിലും എങ്ങനെ ജീവിക്കണം എന്നുള്ള സാഹചര്യങ്ങളെ നാം അവർക്ക് കാണിച്ചുകൊടുക്കണം.

അലസരായ അനേകം വിശ്വാസികൾ നമ്മുടെ സഭകളിലുണ്ട്, പാഴാക്കിയ അടങ്ങിയിരിക്കുന്നവർ, എന്തുകൊണ്ടെന്നാൽ, അവ രുടെ വിളിയെയും സ്ഥലത്തെയും പ്രവർത്തനത്തെയും കുറിച്ച് തിരിച്ചറിയുവാൻ അവരെ സഹായിക്കാതിരുന്നതുകൊണ്ട്.

അഞ്ചുമടങ്ങ് ശുശ്രൂഷകന്മാർ, ഓരോ വിശ്വാസിയും ഒരു ശുശ്രൂ ഷകനാണെന്നുള്ള പ്രസ്താവനയായി പറഞ്ഞിരിക്കുന്നതിന് വെളി യിൽവേണം പ്രവർത്തിക്കുവാൻ. പ്രാദേശികസഭയിലുള്ള ഓരോ വ്യക്തിയും തങ്ങളുടെ വിളിയെ കണ്ടുപിടിക്കുകയും അതു സഫ ലീകരിക്കുവാൻ ഒരുക്കുകയും തങ്ങളുടെ വിളിയിലേക്കു പുറത്തേ ക്കു വിടുകയും വേണം.

## പരിശുദ്ധാത്മാവിന്റെ ലഘുശബ്ദത്തിനായി വിശ്വാസികളെ ശക്തിപ്പെടുത്തുക

പരിശുദ്ധാത്മാവിന്റെ ലഘുശബ്ദം കേട്ട് അവരുടെ ജീവിതം ജീവിക്കുവാനും ഭൂമിയിലുള്ള ശുശ്രൂഷ സഫലീകരിക്കുവാനും വിശ്വാസികളെ പരിശീലിപ്പിക്കണം.

## ജീവിതപ്രവൃത്തിയും ശുശ്രൂഷയും കൂട്ടിച്ചേർക്കുന്നതിന് വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക

ചന്തസ്ഥലങ്ങളിലേക്കു വിളിക്കപ്പെട്ടവരെ ഒരുക്കുവാനായി പ്രാദേശികസഭകൾ തുടങ്ങണം.

അഞ്ചുമടങ്ങ് ശുശ്രൂഷകന്മാരെ ചന്തസ്ഥലങ്ങളിലേക്ക് എഴു ന്നേൽക്കുവാൻ പ്രോത്സാഹിപ്പിക്കണം.

ചന്തസ്ഥലത്തുള്ള അഞ്ചുമടങ്ങു ശുശ്രൂഷക്കാരാണ് വിശുദ്ധ ന്മാരെ ചന്തസ്ഥലത്തേക്ക് ഒരുക്കുന്നതിന് ഏറ്റവും യോഗ്യരായവർ.

ചന്തസ്ഥലത്തുള്ള വിശ്വാസികളെ, തീരുമാനം എടുക്കുവാനും, ശുശ്രൂഷ ചെയ്യുവാനും സാക്ഷിക്കുവാനും, ദൈവശബ്ദം കേൾക്കുന്നതിന് അവരെ ഒരുക്കേണ്ടത് ആവശ്യമാണ്. ചന്തസ്ഥലത്തുള്ള വിശ്വാസികളെ, ആത്മാവിന്റെ വരങ്ങളിൽ ഒഴുകുവാനായിട്ടും, അമാനുഷമായ വാസ്തവത്തെ അതു പ്രവർത്തിക്കുന്നിടത്തു പ്രത്യക്ഷമാക്കുവാനും അവരെ പരിശീലിപ്പിക്കേണ്ടത് ആവശ്യമാണ്.

ചന്തസ്ഥലത്തുള്ള വിശ്വാസികളെ, അവരുടെ വേലയിൽ വേദപുസ്തകപരമായ മൂലതത്വങ്ങളെ പ്രയോഗിക്കുവാനും, അതിലൂടെ രാജ്യം സ്ഥാപിക്കുവാൻ സ്വാധീനിക്കുവാനും പഠിപ്പിക്കേണ്ടത് ആവശ്യമാണ്.

ചന്തസ്ഥലത്തുള്ള വിശ്വാസികളെ രാജ്യത്തിന്റെ പുരോഗമിപ്പിക്കലിനു കാരണമാകുന്നത് എങ്ങനെയാണെന്ന് രാജ്യത്തിന്റെ ദൂരസ്ഥലത്തെ കാവൽപ്പുര സ്ഥാപിക്കുന്നതിലൂടെ (അടിത്തറ, കൂട്ടായ്മ, സഭ) - ചന്തസ്ഥലത്ത്, പരിശീലിപ്പിക്കുവാൻ കഴിയും - രാജ്യത്തിന്റെ വ്യാപ്തിക്കുവേണ്ടി നയങ്ങളാൽ സ്വാധീനം ചെലുത്തിയും രാജ്യത്തിന്റെ ആവശ്യങ്ങൾക്കായി ധനം മാറ്റിവെക്കുവാൻ കാരണമാക്കിയും.

**ഒരു മാർഗ്ഗദർശി ആയിരിക്കുക. മാർഗ്ഗദർശനത്തിനുള്ള മനോവികാസം സൃഷ്ടിക്കുക.**

അഞ്ചുമടങ്ങ് ശുശ്രൂഷക്കാർ എന്ന നിലക്ക് നമ്മൾ വിശുദ്ധന്മാർക്ക് മാർഗ്ഗദർശികൾ ആയിരിക്കണം (ഒരു പിതാവോ മാതാവോ ആയിരിക്കണം).

അനേകം ആളുകൾക്ക് ഒരാൾ മാർഗ്ഗദർശി ആയിരിക്കാൻ പറ്റത്തില്ലെന്നുള്ളത് സത്യമാണ്. എന്നാൽ നമുക്ക്, കുറച്ചുപേർക്ക് മാർഗ്ഗദർശി ആയിരിക്കുവാൻ കഴിയും. എന്നിട്ട് നമ്മുടെ സഭയിലും ശുശ്രൂഷയിലും മാർഗ്ഗദർശനത്തിനുള്ള മനോവികാസം സൃഷ്ടിക്കുവാൻ കഴിയും - അവിടെ പക്വതയുള്ള വിശുദ്ധന്മാരെ മറ്റുള്ളവർക്ക് വിശ്വാസത്തിൽ പിതാവും മാതാവും ആയിരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്.

### ശുശ്രൂഷയുടെ ചുമതലക്ക് നിയോഗിക്കുക

പുതിയ അവസരങ്ങൾ സൃഷ്ടിച്ച് വിശ്വസ്തരും കഴിവുള്ളവരുമായ വിശ്വാസികളെ ശുശ്രൂഷയുടെ ചുമതലക്കു നിയോഗിക്കണം. ശുശ്രൂഷയുടെ ചുമതലക്കു നിയോഗിക്കുന്നതിന്റെ ആശയം, വളരെക്കാലങ്ങൾക്കുമുമ്പെ മോശെയുടെ സമയത്തുതന്നെ കാണാൻ കഴിഞ്ഞു: ഇങ്ങനെ ചെയ്യുവാനായി മോശെയുടെ അമ്മായപ്പനായ യിത്രോ മോശെക്കു നിർദ്ദേശം കൊടുത്തപ്പോൾ (പുറപ്പാട് 18).

### ഒരു കൂട്ടത്തെ ശുശ്രൂഷക്കു വളർത്തുക
### ഒരു കൂട്ടത്തിന്റെ സംസ്ക്കാരത്തെ സൃഷ്ടിക്കുക

നേരത്തെ സൂചിപ്പിച്ചതുപോലെ, ശുശ്രൂഷയുടെ ഒരു ഭാഗമായി, മറ്റുള്ളവരെ നമ്മളോടുകൂടെ ജോലി ചെയ്യുവാൻ നാം അനുവദിക്കണം. മത്സരമില്ലാത്ത ഒരു ഗണത്തിന്റെ സംസ്കാരത്തെ സൃഷ്ടിക്കുക. സഹപ്രവർത്തനത്തിനായി ആഴമേറിയ ഒരു ബോധം ഉണ്ടാകുക, അവിടെ ഗണത്തിലുള്ള എല്ലാവരും ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുക - വിശുദ്ധന്മാരെ ഒരുക്കുന്നതിലൂടെ കർത്താവായ യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ.

## തന്ത്രപ്രധാനമായിത്തീരുക

ദൈവം തന്റെ ജനത്തെ ലോകത്തിൽ ഉപ്പും വെളിച്ചവുമായിത്തീരാൻ എഴുന്നേൽപ്പിക്കുമ്പോൾ, ദൈവത്തോടുകൂടെ ഒഴുകുന്നതിനായി, തന്ത്രപ്രധാനമായി നാം ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ആവശ്യമാണ്. ഉദാഹരണമായി ഒരു വിശ്വാസി, ഭൂമിശാസ്ത്രപരമായ മറ്റൊരു സ്ഥലത്തേക്കു തന്റെ പ്രവർത്തനം മാറ്റുമ്പോൾ - അവന്റെയോ അവളുടെയോ പ്രവൃത്തിപരമായ ജീവിതത്തിന്റെ സ്ഥലംമാറ്റം നിമിത്തം - ഒരു സഭ സ്ഥാപിക്കുവാൻ ഇത് നല്ല ഒരു അവസരം ആണ്, അതുപോലെ ഒരു കുടുംബസമൂഹം ആരംഭിക്കുന്നതിനും, അതുപോലെ മറ്റുപലതിനും. വിശ്വാസികളെ ഒരുക്കുകയാണെങ്കിൽ, ഇത് തീർച്ചയായും ശക്തിയേറിയ ഒരു സാധ്യതയാണ്.

## രാജ്യത്തോട് മനസ്സുള്ളവരായിത്തീരുക

അഞ്ചുമടങ്ങ് ശുശ്രൂഷകന്മാരായ നമുക്ക് രാജ്യത്തോട് മനസ്സുള്ളവരായിത്തീരേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. വിശുദ്ധന്മാരെയും രാജ്യത്തോട് മനസ്സുള്ളവരായിത്തീരാൻ നമ്മൾ പരിശീലിപ്പിക്കണം. രാജ്യത്തോട് മനസ്സുള്ളവരാകുക എന്നാൽ, നമ്മുടെ വ്യക്തിപരമായ കാര്യപരിപാടികളെക്കാളും, സമുദായത്തെക്കാളും, ശുശ്രൂഷകളെക്കാളും ഉപരിയായി ദൈവരാജ്യത്തിന്റെ ലക്ഷ്യങ്ങളെയും രാജാവിന്റെ മഹത്വത്തെയും വെക്കുക എന്നുള്ളതാണ്.

## നമ്മൾ രൂപാന്തരം വരുത്തിയില്ലെങ്കിൽ എന്ത്?

അഞ്ചുമടങ്ങ് ശുശ്രൂഷക്കാർ എന്ന നിലക്ക് ദൈവത്തിന്റെ ഇപ്പോഴത്തെ ചലനത്തിൽ, വിശുദ്ധന്മാരുടെ ചലനത്തിൽ രൂപാന്തരം വരുത്താൻ നാം പരാജയപ്പെടുകയാണെങ്കിൽ, വളരെ ഗൗരവമായ അനന്തരഫലം ഉണ്ട്.

## ആഘാതത്തിന്റെ നഷ്ടം

വിശ്വാസികളുടെ ജീവിതത്തിന്മേലുള്ള നമ്മുടെ സ്വാധീനവും ആഘാതവും ക്ഷയിച്ചുപോകും, ദൈവത്തിന്റെ ഇപ്പോഴത്തെ ചലനത്തിനനുസരിച്ച് നമ്മൾ രൂപാന്തരം വരുത്തുന്നില്ലായെങ്കിൽ. ആത്മീയവളർച്ചക്കും, പക്വതക്കും, രാജ്യത്തിന്റെ പ്രയോജനത്തിനും ഹൃദയം തുറന്ന് ആഗ്രഹിക്കുന്ന വിശ്വാസികൾ മുമ്പോട്ടുപോകുകയും, വിശുദ്ധന്മാരെ ഒരുക്കുന്നതിന് നിക്ഷേപിക്കുന്ന സഭകളോടും ശുശ്രൂഷകളോടും ബന്ധിക്കപ്പെടുകയും ചെയ്യും.

## ദൈവം ഏല്പിച്ചുതന്ന ചുമതലകളിൽ പരാജയപ്പെട്ടാലുള്ള വിധിന്യായം

വിശുദ്ധന്മാരെ ശുശ്രൂഷയുടെ വേലക്കായി ഒരുക്കുവാനാണ് അഞ്ചുമടങ്ങ് ശുശ്രൂഷക്കാരെ ദൈവം ഏല്പിച്ചുതന്ന ചുമതല. അഞ്ചുമടങ്ങ് ശുശ്രൂഷക്കാരെന്ന നിലക്ക്, ഇത് ചെയ്യുവാൻ നമ്മൾ പരാജയപ്പെട്ടാൽ, നമുക്ക് ദൈവം ഏല്പിച്ചുതന്ന ചുമതലയിൽ നാം പരാജയപ്പെടുകയാണ്. നമ്മുടെ ഈ ഭൂമിയിലെ ജീവിതത്തിന്റെ കണക്ക് ബോധിപ്പിക്കുവാൻ, കർത്താവിന്റെ മുമ്പിൽ നാം നിൽക്കുമ്പോൾ, നമ്മൾ കുറവുള്ളവരായി കാണപ്പെടും (2 കൊരിന്ത്യർ 5:9–10).

# 5

# നഗരവ്യാപകമായ സഭ

## നഗരവ്യാപകമായ സഭയിലെ പുതിയ ചലനശാസ്ത്രം

നഗരവ്യാപകമായ സഭ ഒരുക്കപ്പെട്ടു പുറത്തേക്കു വിടുമ്പോൾ, നഗരത്തിന് എന്തു സംഭവിക്കും (അല്ലെങ്കിൽ ഏതെങ്കിലും ഭൂമിശാസ്ത്രപരമായ പ്രദേശത്തിന് - പട്ടണത്തിന് അല്ലെങ്കിൽ ഗ്രാമത്തിന്)?

തുടർച്ചയായുള്ള ഞായറാഴ്ച യോഗങ്ങളെക്കാളും, സഭ ചന്തസ്ഥലങ്ങളിൽ അടിക്കടി സന്ധിക്കും. പല സഭകളിലുമുള്ള വിശുദ്ധന്മാർ, ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം പ്രാദേശികസഭയിൽ ഒരുമിച്ചു കൂടുന്നതിന് പകരം, ചന്തസ്ഥലങ്ങളിൽ, ആഴ്ചയിൽ അഞ്ചാറുപ്രാവശ്യം ഒരുമിച്ചുകൂടും. ഈ വിശുദ്ധന്മാർ എല്ലാവരും ചന്തസ്ഥലങ്ങളിൽ ദൈവത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനായി ഒരുക്കപ്പെടും. അവരുടെ പൊതുവായ ഏകത ക്രിസ്തുവിന്റെ ആധിപത്യം ആയിരിക്കും. പ്രാദേശികസഭകളുടെ പേരുകൾ, സമുദായങ്ങൾ അല്ലെങ്കിൽ ശുശ്രൂഷയുടെ സംയോജിപ്പിക്കൽ എല്ലാം മാഞ്ഞുപോകും. പിന്നീട് ഒരിക്കലും പ്രാധാന്യമുള്ളവയായിരിക്കുകയില്ല. സഭയുടെയും ചന്തസ്ഥലത്തിന്റെയും നടുവിൽനിന്ന് ദൈവത്താൽ നിയോഗിക്കപ്പെട്ട നായകന്മാർ എഴുന്നേൽക്കും. ലോകത്തിൽ എല്ലായിടത്തും ദൈവത്തിന്റെ മഹത്വം കൊണ്ടുവരേണ്ടതിനു കൂട്ടിച്ചേർക്കപ്പെട്ട ഒരു മുൻകൈയെടുക്കലിനെ നയിക്കുന്നതിനായി.

ഇതിന്റെ ഫലമായി നമുക്കു കാണാൻ സാധിക്കും കൂട്ടിച്ചേർക്കപ്പെട്ട മുൻകൈയെടുക്കൽ, നഗരത്തെ ശക്തിയായി സ്വാധീനിക്കുവാൻ, ബഹുമാനസൂചകമായ വരുമാനവിഭവങ്ങൾ പ്രാദേശികസഭകളിന്മേൽ വരുന്നത്. ഒരു പ്രാദേശികസഭ നഗരത്തിൽ ചില കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നത് മേലാൽ ഉണ്ടാവുകയില്ല.

ദൈവത്താൽ നിയോഗിക്കപ്പെട്ട അപ്പൊസ്തലിക നായകത്വം ഓരോ മുൻകൈയെടുക്കലിനും വഴി കാണിക്കുമ്പോൾ, പ്രാദേശികസഭകളിലെ വിശുദ്ധന്മാരുടെ കൂട്ടിച്ചേർക്കപ്പെട്ട മുൻകൈയെ

ടുക്കലിനാൽ നഗരവ്യാപകമായ മുൻകൈയെടുക്കൽ അനുഷ്ഠിക്കുമ്പോൾ, നമ്മുടെ നഗരത്തിന്മേൽ വരുന്ന ശക്തിയായ സ്വാധീനം നിങ്ങൾക്കു കാണുവാൻ കഴിയുമോ? ആരാധനാസംഘം, യുവജനങ്ങളുടെ പ്രവർത്തനങ്ങൾ, തെരുവുസുവിശേഷസംഘം, മദ്ധ്യസ്ഥപ്രാർത്ഥന കൂട്ടായ്മകൾ, മറ്റു തന്ത്രപ്രധാനമായ ചന്തസ്ഥലപ്രവർത്തനങ്ങൾ, സാമൂഹിക പ്രവർത്തനങ്ങൾ - തെരുവിലെ കുട്ടികളെ സഹായിക്കുന്നത്, സാധുക്കളെയും ഭവനമില്ലാത്തവരെയും സഹായിക്കുന്നത്, അങ്ങനെ പലതും, ഇവയെക്കുറിച്ച് ചിന്തിച്ചുനോക്കുക. ഇങ്ങനെയുള്ള പ്രത്യേകമായ ശുശ്രൂഷകളോട് ശക്തിമത്തായ വികാരമുള്ള വിശുദ്ധന്മാരാൽ ഇവ നടത്തപ്പെടും. അപ്പോൾ നഗരവ്യാപകമായ സഭക്ക് സമൂഹത്തിൽ ശക്തിയായ ഒരു ശബ്ദമുണ്ടായിരിക്കുകയും നഗരത്തെ രൂപാന്തരപ്പെടുത്തുന്ന ഒരു ഗുണം ഉണ്ടായിരിക്കുകയും ചെയ്യും. നഗരവ്യാപകമായ സഭ രൂപാന്തരപ്പെടുമ്പോൾ നഗരം രൂപാന്തരപ്പെടും.

## ഒരു രാജ്യം വികസിപ്പിക്കുന്നതിനു മനസ്സു വയ്ക്കുന്നത്

വിശ്വാസികളാൽ നിറയപ്പെട്ട നഗരവ്യാപകമായ ഒരു സഭയെ ഒരുക്കി സഭയുടെ ശുശ്രൂഷക്കുവേണ്ടി പുറത്തുവിടുന്നതിന് നമ്മളും ചേർന്ന് എങ്ങനെയാണ് അദ്ധ്വാനിക്കുന്നത്?

നമ്മൾ നേരത്തെ പറഞ്ഞതുപോലെ പല സഭകളിൽനിന്നുമുള്ള വിശ്വാസികൾ പൊതുവായ ഒരു സ്ഥലത്ത് കൂടിച്ചേരും - ജോലിസ്ഥലം. “എന്റെ-സഭ-നല്ലത്” എന്ന നില മതഭേദം സംബന്ധിച്ചു വഹിക്കുന്നതിനേക്കാളും ജോലിസ്ഥലത്തെ ശക്തിയായി സ്വാധീനിക്കുവാൻ ഒരു ഗണമായി വേല ചെയ്യുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം. നഗരവ്യാപകമായ സഭയിലെ ദിവ്യമായ നിയമങ്ങളെ അതിലംഘിക്കാതെ, ജോലിസ്ഥലത്ത്, മറ്റുള്ള പ്രാദേശികസഭകളിലെ വിശ്വാസികളോടുകൂടെ ചേർന്ന് വിശ്വാസികൾ ഒരുമിച്ച് അദ്ധ്വാനം ചെയ്യുന്നതിന് അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തില്ലെങ്കിൽ ദൈവരാജ്യത്തെക്കുറിച്ചുള്ള ഉദ്ദേശ്യങ്ങൾ മുന്നോട്ടു നീങ്ങുകയില്ല.

അപ്പൊസ്തലികനായകന്മാർ, നഗരവ്യാപകമായ മുൻകൈയെടുക്കലിലൂടെ പൊതുഫണ്ടിൽ മുതൽ നിക്ഷേപിക്കുന്നതിന് (ജനങ്ങൾ, സമയം, പണം) നായകത്വം കൊടുക്കുന്നതിന് തയ്യാറാകണം.

ഇത് പ്രാദേശികസഭയുടെ തടസ്സം മറികടന്നായിരിക്കണം. ദൈവ രാജ്യം നഗരത്തിൽ സ്ഥാപിച്ചുകാണുന്നതായിരിക്കണം ഏക ഉദ്ദേ ശ്യം. ഒരൊറ്റ മനുഷ്യനെയോ, ശുശ്രൂഷയെയോ, പ്രാദേശികസഭ യെയോ ഉയർത്താതെ വേണം ഇങ്ങനെ ചെയ്യുവാൻ.

സഹപ്രവർത്തനങ്ങളുടെ പ്രയത്നത്തിലൂടെ ആത്മാക്കൾ രക്ഷ പ്പെടുമ്പോഴും ജീവിതങ്ങൾ രൂപാന്തരപ്പെടുമ്പോഴും ഈ പുതിയ വിശ്വാസികൾക്കു പ്രോത്സാഹനം നൽകണം - അവർക്ക് അനു ഗുണമായ, നല്ലതുപോലെ വേദപുസ്തകത്തിൽ വിശ്വസിക്കുന്ന ഒരു പ്രാദേശികസഭയിലെ അംഗം ആകുന്നതിന്. അവിടെ അവരെ ശിഷ്യന്മാരാക്കുവാനും ഒരുക്കുവാനും കഴിയും. അവരെ ബന്ധ പ്പെടുത്തുന്ന പ്രാദേശികസഭ ഒരിക്കലും പ്രാധാന്യമേറിയതായി ത്തീരരുത്. എന്തുകൊണ്ടെന്നാൽ നമ്മൾ അന്വേഷിക്കുന്നത് ദൈവ ത്തിന്റെ രാജ്യം ജനങ്ങളുടെ ജീവിതങ്ങളിലും ഹൃദയങ്ങളിലും വ്യാപ്തിപ്പെടണമെന്നാണ്. എല്ലാ പ്രദേശികസഭകളുടെയും വളർച്ചയും വ്യാപ്തിയും പ്രകൃതിപരമായ അനന്തരഫലം ആയി രിക്കും.

## വിശുദ്ധന്മാരുടെ ചലനവും നഗരത്തിന്റെ രൂപാന്തരീകരണവും

സാധാരണ വിശ്വാസികളായ സ്തെഫാനൊസിനാലും ഫില പ്പൊസിനാലും യെരുശലേമും ശമര്യയും ബാധിക്കപ്പെട്ടു. അവർ പരിശുദ്ധാത്മാവിലും, വിശ്വാസത്തിലും, ശക്തിയിലും, അടയാള ങ്ങളിലും, അത്ഭുതങ്ങളിലും നിറഞ്ഞവരായിരുന്നു (അപ്പൊ. പ്ര. 6:8; 8:5–8).

അതുപോലെതന്നെ യെരുശലേമിൽനിന്നു പുറത്തേക്കുപോയ വിശ്വാസികളാൽ ഫൊയ്നിക്യ, കുപ്രൊസ്, അന്ത്യോക്യ എന്നീ പ്രദേശങ്ങൾ സുവിശേഷത്താൽ ആക്രമിക്കപ്പെട്ടു (അപ്പൊ. പ്ര 11:19–21). ഇവർ പതിവായ വിശ്വാസികൾ മാത്രമായിരുന്നു. എന്നാൽ സുവിശേഷം അടയാളങ്ങളോടും അത്ഭുതങ്ങളോടും പ്രസംഗിച്ചതിലൂടെ സഭകൾ സ്ഥാപിക്കുന്നതിനും, രാജ്യത്തിന്റെ സമൂഹങ്ങൾ സ്ഥാപിക്കുന്നതിനും വഴിയൊരുക്കുകയായിരുന്നു.

അതുപോലെതന്നെ വിശ്വാസികളായ നമ്മൾ അടയാളങ്ങളും,

അത്ഭുതങ്ങളും, അതിശയങ്ങളും പ്രത്യക്ഷപ്പെടുത്താൻ ഒരുക്കപ്പെടുന്നതിലൂടെ, പുല്ലിന്റെ വേരിന്റെ നിരപ്പിൽനിന്നും നഗരത്തിന്റെ രൂപാന്തരീകരണം നടക്കുന്നത് നമ്മൾ കാണുവാൻ തുടങ്ങും.

നമ്മുടെ നഗരത്തിന്റെ രൂപാന്തരീകരണത്തിന്റെ ഏറെയും പ്രയത്നങ്ങളുടെ പ്രവർത്തനകേന്ദ്രം നേതാക്കന്മാരെയും ശുശ്രൂഷകന്മാരെയും ഒരുമിച്ചു കൂട്ടി വരുത്തുന്നതിലൂടെയാണ്. ഇത് അതി പ്രധാനവും അത്യാവശ്യവുമാണ്. എന്നാൽ, വിശുദ്ധന്മാരുടെ ചലനം, പുല്ലിന്റെ വേരിന്റെ നിരപ്പിൽനിന്നും നഗരത്തിന്റെ രൂപാന്തരീകരണത്തിനു കാരണമായിത്തീരും. പേരില്ലാത്തതും മുഖമില്ലാത്തതുമായ വിശുദ്ധന്മാരുടെ ഉത്ഭവം നമുക്കു കാണുവാൻ കഴിയും. അവർ നഗരത്തെ സ്വാധീനിക്കും.

## നഗരത്തിൽ അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും തിരിച്ചറിയുന്നത്

നഗരത്തിലെ അപ്പൊസ്തലന്മാർ, നഗരത്തിന്റെ രൂപാന്തരീകരണത്തിനുള്ള പ്രധാനപ്പെട്ട താക്കോൽ ആയിരിക്കും. വരുന്നതും പോകുന്നതുമായ അപ്പൊസ്തലന്മാരും അപ്പൊസ്തലിക ശുശ്രൂഷയും മതിയാവതല്ല. നഗരത്തിൽ താമസിക്കുന്ന അപ്പൊസ്തലന്മാരെയാണ് നമുക്ക് ആവശ്യം. അവർ നഗരത്തോട് പ്രതിജ്ഞാബദ്ധരായിരിക്കണം. നഗരത്തിന്റെ രൂപാന്തരീകരണത്തിന്, അവർ, അപ്പൊസ്തലിക ദർശനവും, പൊതുവെ പ്രയോഗകൗശലമായതും നായകത്വവും കൊടുക്കുന്നവരുമായിരിക്കണം.

നഗരവ്യാപകമായ സഭ എഴുന്നേൽക്കുന്നതിനും നഗരത്തിൽ ഒരു ശക്തിയായിത്തീരുന്നതിനും നഗരത്തിൽ അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും ആവിർഭാവം അത്യാവശ്യമാണ്.

നഗരത്തിലുള്ള ക്രിസ്തുവിന്റെ ശരീരം, നഗരത്തിൽ താമസിക്കുന്ന യഥാർത്ഥ അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും അംഗീകരിക്കാൻ തുടങ്ങണം. ഇതു സഭയിലാണെങ്കിലും ചന്തസ്ഥലത്താണെങ്കിലും പ്രവർത്തിക്കുന്നവരാണെങ്കിൽ. സഭയിലും ചന്തസ്ഥലത്തും ഉള്ള അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും നമ്മൾ അംഗീകരിക്കണം.

ബാംഗ്ലൂർ പോലെയുള്ള വലിയ ഒരു നഗരത്തിൽ വ്യക്തമായും അനേകം അപ്പൊസ്തലിക നായകന്മാരും പ്രവാചക നായകന്മാരും ഉണ്ടാകും. ദൈവത്താൽ എഴുന്നേല്പിക്കുന്ന ഈ നായകന്മാർ നഗരവ്യാപകമായ ദർശനവും നഗരത്തിന്റെ ഒരു പ്രദേശത്തു ദൈവ രാജ്യം സ്ഥാപിക്കുന്നതിനുള്ള പ്രാഥമികരേഖാരൂപവും കൊടുക്കും. ഇത് അനേകം സഭകളിലുള്ള വിശ്വാസികൾ ഉൾപ്പെട്ടതായിരിക്കും. ആ നഗരത്തിന്റെയും സമൂഹത്തിന്റെയും മണ്ഡലമോ/വൃത്തപാദമൊ/അംശമൊ ആക്രമിക്കുന്നതിന് അവർ അപ്പൊസ്തലിക നായകത്വം ഒരുക്കിക്കൊടുക്കും: അനേകം അപ്പൊസ്തലിക നായകന്മാർ എഴുന്നേൽക്കുന്നത് നമുക്ക് കാണുവാൻ കഴിയും. അവരുടെ ഒരുമിച്ചുള്ള പ്രയത്നത്തിന്റെ ഫലമായി നഗരത്തിന്റെ രൂപാന്തരീകരണം ഉണ്ടാകും.

ഒരു പൊതുവായ പ്രശ്നം എന്തെന്നാൽ, ഒരു നഗരത്തിലുള്ള അപ്പൊസ്തലിക നായകന്മാർക്ക്, പ്രത്യേകമായ ഒരു സമൂഹത്തിന്റെ മണ്ഡലത്തിൽ പ്രവേശിക്കുന്നതിനും തുളച്ചു കയറുന്നതിനും ഉള്ള ചുമതല - ഉദ്ധരിക്കുന്നതും മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതുമായ നഗരവ്യാപകമായ പ്രയത്നം - ഏറ്റെടുക്കുന്നതിന് മനസ്സില്ല എന്നതാണ്. ഇതിനുപകരം നമ്മുടെ സഭയിലും ശുശ്രൂഷയിലും നിന്നുകൊണ്ടു തന്നേ ജോലി ചെയ്യുന്നതാണ് നമുക്ക് സുഖപ്രദം. ഒന്നുകിൽ നമ്മുടെ വിചാരങ്ങളിൽ നമ്മൾ വളരെ ഇടുങ്ങിയ മനസ്സുള്ളവരാണ്. രാജ്യത്തിന്റെ മനഃസ്ഥിതിയിലേക്കുള്ള ഒരു പുതുക്കം ഉണ്ടാകണം. അല്ലെങ്കിൽ നമ്മുടെ കൂടെ പ്രവർത്തിക്കുന്ന ശുശ്രൂഷകന്മാർ നമ്മളെ തെറ്റിദ്ധരിക്കും എന്നുള്ള ഭയത്താൽ, ചുവടുവെച്ചു വഴി നയിക്കുന്നതിന് നാം മനസ്സില്ലാത്തവരായിത്തീരുന്നു. സഹപ്രവർത്തനങ്ങളോടു കൂടിയ നഗരവ്യാപകമായ ഒരു പ്രയത്നം നയിക്കുന്നത് അത്ര എളുപ്പമല്ല എന്ന കാര്യം സത്യമാണ്. വെല്ലുവിളികൾ വലിയതാണ്. നമ്മുടെ പ്രാദേശികസഭകളെയും ശുശ്രൂഷകളെയും കൂടാതെ വളരെയധികം സമയവും പ്രയത്നവും അവകാശമായി ആവശ്യപ്പെടുകയും വേണം. എന്നാൽ ഏതാണ് പ്രാധാന്യമേറിയതെന്ന് നമ്മൾ തീരുമാനിക്കേണ്ടത് ആവശ്യമാണ് - നമ്മുടെ സ്വന്തപ്രാദേശിക സഭയും ശുശ്രൂഷയും പണിയണമോ അതോ ലക്ഷോപ

ലക്ഷങ്ങൾ രക്ഷിക്കപ്പെടേണ്ടതിന് ദൈവരാജ്യം മുഴുവനായി നമ്മുടെ നഗരത്തിൽ വരണമെന്നോ.

നഗരവ്യാപകമായ സഭ, രാജ്യത്തിന്റെ വികസനത്തിന് മനസ്സു വെക്കണം. എന്നിട്ട്, ദൈവം നഗരത്തിൽ എഴുന്നേൽപ്പിക്കുന്ന യഥാർത്ഥമായിട്ടുള്ള അപ്പൊസ്തലിക/പ്രവാചക നായകന്മാരെ അംഗീകരിക്കുവാനും, ഉറപ്പിച്ചുപറയുവാനും, ഒത്തൊരുമിപ്പിക്കുവാനും തുടങ്ങണം. നഗരത്തിലുള്ള അപ്പൊസ്തലിക/പ്രവാചകന്മാർ ഒരുമിച്ചുകൂടി സഹപ്രവർത്തനത്തിനുള്ള പ്രയോഗകൗശലം വികസിപ്പിക്കണം, നഗരവ്യാപകമായ സഭയെ ഒരുക്കുവാനും നഗരത്തിന്റെ രൂപാന്തരീകരണത്തിനുവേണ്ടി, അനേക സഹപ്രവർത്തനങ്ങളുടെ തുടക്കത്തിനായി വഴി ഒരുക്കുവാനും. ആത്മാവിന്റെ ഐക്യതയിലുള്ള ഒരു സ്ഥാനത്തു വരുവാനും, സംഭവങ്ങളും, കൂടിയാലോചനകളും, യോഗങ്ങളും നടത്തുവാനുമായി അടിസ്ഥാനപരമായ സഹകരണത്തിന്, നഗരവ്യാപകമായ സഭ മുമ്പോട്ടു പോകണം.

സംഭവങ്ങളും, കൂടിയാലോചനകളും, യോഗങ്ങളും നടത്തുന്നതിന് ആത്മാവിന്റെ ഐക്യം ഒരു ആശ്രയമായിരിക്കരുത്. ഇത് ഹൃദയത്തിന്റെയും മനസ്സിന്റെയും ഒരു മാറ്റം ആണ്. ഈ ഐക്യത്തിന്റെ സ്ഥലത്താണ് ഇത് ജീവിക്കുന്നത്. ഇത് നഗരത്തിന്റെ രൂപാന്തരീകരണത്തിന് ആവശ്യമായ പടികൾ എടുക്കുന്നതിന് നമ്മെ സഹായിക്കും.

ആത്മാവിന്റെ ഐക്യത്തിൽ നഗരവ്യാപകമായ സഭ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിലും വിശുദ്ധന്മാരുടെ ചലനത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതിനോട് ഇത് സംയോജിപ്പിക്കുകയും ചെയ്യുകയാണെങ്കിലും – വിശ്വാസികളുടെ ഒരു സൈന്യം ശുശ്രൂഷയുടെ ജോലി ചെയ്യുന്നതിന് ഒരുക്കപ്പെടും – കർത്താവായ യേശുക്രിസ്തുവിനുവേണ്ടി നമ്മുടെ നഗരങ്ങൾ വളരെ ശക്തമായി സ്പർശിക്കപ്പെടുകയും ചെയ്യുന്നത് നമുക്കു കാണുവാൻ കഴിയും.

## പ്രബലമായ കെണികൾ മുൻകൂട്ടിക്കാണുന്നത്

എന്തു പ്രബലമായ കെണികളും തടസ്സങ്ങളുമാണ് നമുക്ക് മുൻകൂട്ടിക്കാണാവുന്നത്? എങ്ങനെയാണ് അവയെ ഒഴിവാക്കാൻ കഴിയുന്നത്?

## വിവേകമില്ലാത്ത നായകത്വം

- രാജ്യത്തെക്കുറിച്ചുള്ള മനഃസ്ഥിതി ഇല്ലാതെ നായകന്മാർ "എന്റെ ശുശ്രൂഷ" എന്ന മനഃസ്ഥിതി ഉള്ളവരായിരിക്കുക.
- നായകന്മാർ മതപരമായ പാരമ്പര്യങ്ങളെ മുറുകെ പിടിക്കുകയും ജനങ്ങളുടെമേൽ ഒരു സ്വാധീനം വേണ്ടതിന് ഈ പാരമ്പര്യങ്ങളെ ഉപയോഗിക്കുകയും ചെയ്യുക.
- അംഗീകാരത്തിനും, മഹത്വത്തിനും സ്വന്ത സ്ഥാനോന്നതിക്കും നായകന്മാർക്ക് ആഗ്രഹം ഉണ്ടാകുക.
- നമ്മുടെ കർത്താവായ ക്രിസ്തുവിനെ ശ്രദ്ധാകേന്ദ്രം ആക്കുന്നതിനു പകരം അപ്പൊസ്തലിക നായകന്മാരെ ശ്രദ്ധാകേന്ദ്രം ആക്കുവാനും ഉയർത്തുവാനും ജനങ്ങളെ അധാർമ്മികമായ രീതിയിൽ ഉപയോഗിക്കുന്നതിന് കാരണമാക്കുക. ഒരേ ഒരു അപ്പൊസ്തലിക നായകനെ മാത്രം ശ്രദ്ധാകേന്ദ്രമാക്കുന്നതിന് ജനങ്ങളോട് ആവശ്യപ്പെടുക, തന്മൂലം മറ്റുള്ള ശുശ്രൂഷകന്മാരിൽനിന്നും സ്വീകരിക്കുന്നതു തടസ്സപ്പെടുത്തുക.
- നഗരവ്യാപകമായ രൂപാന്തരീകരണത്തിനായി നായകത്വം എടുത്ത് ചുമതല ഏൽക്കുവാനും നഷ്ടം സഹിക്കുവാനും നേതാക്കന്മാർക്ക് മനസ്സില്ലാതിരിക്കുക.
- "രാജ്യത്തിന്റെ മനഃസ്ഥിതി" എന്ന പേരിൽ നായകന്മാർ മറ്റുള്ള നായകന്മാരുമായുള്ള ബന്ധങ്ങൾ അധാർമ്മികമായ രീതിയിൽ ഉപയോഗിക്കുക, എന്നാൽ യഥാർത്ഥമായി സ്വന്തകാര്യപരിപാടികൾ സ്ഥാപിക്കുക. മറ്റുള്ള നായകന്മാരുടെ തുറന്ന മനസ്സാക്ഷിയോട് പ്രയോജനം വരുത്തുവാനും, സ്വന്തതാൽപര്യങ്ങൾ നിവർത്തിക്കാനും അനേകരും ഉണ്ടാകുമെന്നുള്ളത് വളരെ തീർച്ചയാണ്. എന്നാൽ പക്വതയുള്ള നായകന്മാർ ഇത് വേർതിരിച്ച് മനസ്സിലാക്കുകയും ജ്ഞാനത്തോടും വിവേക

ത്തോടും അങ്ങനെയുള്ള പ്രയത്നങ്ങളെ ഒഴിവാക്കാൻ ശ്രമിക്കയും, അവരുടെ ഹൃദയത്തെ കുറ്റമില്ലാതെ സൂക്ഷിക്കുകയും ചെയ്യും.

- നമ്മുടെ സഭയേക്കാളും ശുശ്രൂഷയെക്കാളും രാജ്യത്തെ ഉയർത്തുന്നതിന് നമുക്കു നല്ല മനസ്സുണ്ടായിരിക്കണം. അതുപോലെ നായകന്മാരായ നമുക്ക് വളരെയധികം വിവേകം ആവശ്യമാണ്. സ്വയത്തിനു മരിക്കാൻ നാം മനസ്സുള്ളവരായിരിക്കണം.

## പക്വതയില്ലാത്ത വിശ്വാസികൾ

- വിശ്വാസികൾ തങ്ങൾക്കുതന്നേ ഒരു നിയമമായിത്തീരുകയും നഗരവ്യാപകമായ സഭകളിൽ ദിവ്യമായ കല്പനകളെ ലംഘിക്കുകയും ചെയ്യും. അതുകൊണ്ട് സഹപ്രവർത്തനത്തിനും രാജ്യത്തിന്റെ മനഃസ്ഥിതിക്കും നമ്മൾ അവരെ പ്രോത്സാഹിപ്പിക്കണം. ആത്മീയനായകത്വത്തിനും സഭകളുടെ ഭരണകൂടത്തിനും വേണ്ടി വേദപുസ്തകപരമായ ചുമതലകൾ വിശ്വാസികൾ ലംഘിക്കുവാൻ അവരെ അനുവദിക്കരുത്.
- ദൈവത്താൽ നിയോഗിക്കപ്പെട്ട നായകത്വത്തോടു വിശ്വാസികൾ മത്സരമുള്ളവരായിത്തീരുന്നു, അഹരോൻ മോശെയോടു മത്സരിച്ചതുപോലെയും അബ്ശാലോം ദാവീദിനോടു മത്സരിച്ചതുപോലെയും. മോശെയോടുകൂടെ യോശുവ നിന്നതുപോലെയും, ശൗലിനോടുകൂടെ ദാവീദു നിന്നതുപോലെയുമുള്ള വിശ്വാസികളെയാണ് നമുക്ക് ആവശ്യം.
- ജ്ഞാനവും പക്വതയുമില്ലാതെ വിശ്വാസികൾ ആവേശത്തോടെ പലതും ചെയ്യുന്നു. കൃത്യമല്ലാത്ത പ്രവർത്തനങ്ങൾമൂലം മറ്റുള്ളവർ സത്യം ത്യജിക്കുന്നതിനു കാരണമായിത്തീരും.

## വിശ്വാസികൾക്ക് വചനത്തിന്റെ നല്ല ഒരു അടിസ്ഥാനവും ആത്മാവിന്റെ പ്രവർത്തനങ്ങളുടെ വെളിച്ചപ്പാടും ആവശ്യമാണ്

**വായനക്കു ശുപാർശ:**

“നഗരവ്യാപകമായ സഭയിലെ ദിവ്യകല്പന” എല്ലാ ജനങ്ങളുടെയും സഭയുടെ ഒരു സൗജന്യപ്രസിദ്ധീകരണം.

# പ്രാർത്ഥന

## വിശുദ്ധന്മാർ വെളിപ്പെടുവാനുള്ള പ്രാർത്ഥന

പ്രിയപിതാവേ, ഞങ്ങളുടെ നഗരത്തിൽ ക്രിസ്തുവിന്റെ ശരീരത്തിനായി യേശുവിന്റെ നാമത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാ നല്ല പ്രവൃത്തികളും ചെയ്യുവാൻ ഒരുക്കപ്പെട്ടിരിക്കുന്ന വിശ്വാസികൾ എഴുന്നേൽക്കുവാനും വെളിപ്പെടുവാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാക്കാര്യങ്ങളിലും ഞങ്ങളുടെ നഗരത്തിലെ വിശ്വാസികൾ യേശുവിനെപ്പോലെ ആയിത്തീരുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. വിശ്വാസികൾ എല്ലായിടത്തും അടയാളങ്ങളും, അത്ഭുതങ്ങളും, അതിശയങ്ങളും പ്രത്യക്ഷപ്പെടുത്തുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു - സ്കൂളുകളിലും, കോളേജുകളിലും, ഗവൺമെന്റ് ഓഫീസുകളിലും, ഞങ്ങളുടെ തെരുവുകളിലും, സംഘടിത ഓഫീസുകളിലും, കായികസ്ഥലങ്ങളിലും - അങ്ങനെ യേശു യാഥാർത്ഥ്യം ആണെന്ന് ജനങ്ങൾ അറിയുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്യും.

## ഒത്തൊരുമക്കും നഗരവ്യാപകമായ സഭയുടെ എഴുന്നേല്പിനുമുള്ള പ്രാർത്ഥന

പിതാവേ, ഞങ്ങളുടെ നഗരത്തിലെ നഗരവ്യാപകമായ സഭയിൽ ആത്മാവിന്റെ ഒത്തൊരുമക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ നഗരത്തിലുള്ള എല്ലാ ക്രിസ്തീയ നേതാക്കന്മാരും ആത്മാവിന്റെ വലിയ ഒത്തൊരുമയിൽ വരുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ ഒത്തൊരുമ നഗരത്തിലുള്ള എല്ലാ വിശ്വാസികളിലും പകരപ്പെടുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ നഗരത്തിലുള്ള ക്രിസ്തുവിന്റെ ശരീരം ശക്തിപ്പെട്ടതായിത്തീരുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ എഴുന്നേൽക്കുന്നതിനും വെളിപ്പെടുത്തുന്നതിനും, കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം ഞങ്ങളുടെ നഗരത്തിൽ തുളച്ചുകയറുവാനും പ്രാർത്ഥിക്കുന്നു.

## അപ്പൊസ്തലന്മാരും പ്രവാചകന്മാരും നഗരത്തിൽ വെളിപ്പെടുവാനുള്ള പ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ നഗരത്തിൽ യഥാർത്ഥ അപ്പൊസ്തലന്മാരും പ്രവാചകന്മാരും വെളിപ്പെടുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. നഗരത്തിലുള്ള അങ്ങയുടെ സഭക്കു വേണ്ടിയും നഗരത്തിന്റെ രൂപാന്തരീകരണത്തിനും വേണ്ടി ഹൃദയമുള്ള അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും എഴുന്നേല്പിക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവർ യഥാർത്ഥമായി താഴ്മയുടെയും സൗമനസ്സിന്റെയും ആത്മാവുള്ളവരായി നടക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ രാജ്യം വരുവാനും ഞങ്ങളുടെ നഗരത്തിൽ അങ്ങയുടെ ഹിതം നടക്കുവാനും, അവർ സഭകളിലെ വിശ്വാസികൾക്ക്, സഹപ്രവർത്തനങ്ങൾക്ക്, സാമുദായിക അതിരില്ലാതെ ഒരേ ഉദ്ദേശ്യത്തോടെ, ചുമതല ഏറ്റെടുത്ത് നായകത്വം കൊടുപ്പാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. നഗരം മുഴുവൻ രൂപാന്തരീകരണം പ്രാപിക്കേണ്ടതിന് അതുപോലെയുള്ള അനേകം അപ്പൊസ്തലന്മാരും പ്രവാചകന്മാരും പലതരത്തിലുള്ള പ്രവർത്തനമണ്ഡലങ്ങളിൽ തുളച്ചുകയറിച്ചെല്ലേണ്ടതിന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ ജനങ്ങൾക്കു വേണ്ടി, ഒരു പിതാവിന്റെ യഥാർത്ഥ ഹൃദയം അവർക്ക് കൊടുക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## നഗരത്തിന്റെ രൂപാന്തരീകരണത്തിനായിട്ടുള്ള പ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ നഗരം രക്ഷിക്കപ്പെടേണ്ടതിനു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ നഗരത്തിലെ ലക്ഷോപലക്ഷം ജനങ്ങൾ യേശുക്രിസ്തുവിലുള്ള രക്ഷിക്കുന്ന വിശ്വാസത്തിൽ വരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ നഗരം എല്ലാവിധത്തിലും രൂപാന്തരീകരണം പ്രാപിക്കട്ടെ – ആത്മികമായും, സദാചാരപരമായും അങ്ങനെ ജീവിതത്തിലെ എല്ലാ മുഖപ്പിലും.

ഇത് യേശുവിൻ നാമത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ആമേൻ!

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദ മായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നട ത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തി യാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങ ളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങ ളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവി നുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കു ന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോ ടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരി പൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വ ത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേ ണ്ടിയുള്ള ഞങ്ങളുടെ ഒരു 'സമ്മാനം' ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

## സമ്പർക്ക വിവരം:

**All Peoples Church & World Outreach**
2nd Floor, No 7M, 2nd Block,
HRBR Layout, Kalyan Nagar,
Bangalore - 560 043

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചു പോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

“അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും” (അപ്പൊ. പ്ര. 10:43).

“യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

**Notes**

## Notes

വിശ്വാസികളെ ഒരുക്കി "ലോകത്തിൽ എല്ലായിടത്തും അയയ്ക്കുവാനുള്ള കാലയളവിലാണ് ഇപ്പോൾ നമ്മൾ - ഭവനങ്ങളിൽ, സമുദായങ്ങളിൽ, സംഘടിതമായ ഓഫീസുകളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, ഭരണകൂടസ്ഥാപനങ്ങളിൽ - യേശുക്രിസ്തുവിന്റെ പ്രവൃത്തികളെ പ്രകടമാക്കുന്നത്: അപ്പൊസ്തലിക ശക്തിയിൽ ചലിക്കുന്നത്, കർത്താവിന്റെ പ്രവചനവചനങ്ങൾ സംസാരിക്കുന്നത്, രോഗികളെ സൗഖ്യമാക്കുന്നത്, ഭൂതങ്ങളെ പുറത്താക്കുന്നത്, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത്, സുവിശേഷത്താൽ ജീവിതങ്ങളെ ശക്തിയായി സ്വാധീനിക്കുന്നത്. വിശ്വാസികൾക്കു ഉപധാന ഇരിപ്പിടത്തിൽ ഇരുന്നു ചൂടാകുവാനുള്ള സമയമല്ല ഇത്. അതുപോലെ നേതാക്കന്മാർക്കു ശുശ്രൂഷയുടെ വേലകൾ ചെയ്യാനും. ദൈവത്തിന്റെ ഹിതം ഭൂമിയിൽ നിവർത്തിക്കേണ്ടതിന്ന് എല്ലാ ദൈവമക്കളും ശക്തിപ്രാപിക്കണം.

ക്രിസ്തീയശുശ്രൂഷക്കാരായ നമ്മുടെ ചുമതലയാണ് ഇതു സംഭവിക്കുവാൻ ശ്രമിക്കേണ്ടത്. ഇത് നമ്മളെപ്പറ്റിയല്ല. ഇത് അവരെപ്പറ്റിയാണ് - വിശുദ്ധന്മാർ - ദൈവജനങ്ങൾ.

എല്ലാ ദൈവപൈതലിനെയും ദൈവത്തിന്റെ ഒരു ശുശ്രൂഷകനായി ഒരുക്കി അയയ്ക്കുവാനുള്ള ഇപ്പോഴത്തെ ഭൂമിയിലുള്ള ദൈവത്തിന്റെ ചലനത്തിന്റെ മദ്ധ്യത്തിലായിരിക്കുവാൻ പഠിക്കുക. എന്നാൽ ശക്തിയേറിയതും, പൂർണ്ണമായതും, കറയും കളങ്കവും ഇല്ലാത്തതുമായ ഒരു ശരീരത്തിനു വേണ്ടി ക്രിസ്തുവിന് മടങ്ങിവരുവാൻ കഴിയും.

**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: നവംബർ 2012

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

സമ്പർക്ക വിവരം:
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്
നമ്പർ 7എം-319, സെക്കന്റ് ഫ്ളോർ, സെക്കന്റ് ബ്ലോക്ക്
എച്ച്.ആർ.ബി.ആർ. ലേ-ഔട്ട്, കല്യാൺ നഗർ, ബാംഗ്ലൂർ 560 043
കർണ്ണാടക, ഇൻഡ്യ

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Equipping The Saints)